കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേങ്ങാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19
# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1475/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തീയതി:15-11-2019.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വേങ്ങാട് ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | വേങ്ങാട് ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്. |

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും) ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പകർപ്പ്.

നം.കെഎസ്എ/കെഎൻആർ/സി.7/1475/2019. തിയതി:15-11-2019

## കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 10.12.2018 മുതൽ 18.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: | ശ്രീ.ശശികുമാർ.എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 19.08.2019 മുതൽ 31.08.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.പ്രമോദ്.കെ.വി. | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീമതി.ഗിരിജ കല്ല്യാടൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിജോഷ്.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സി.പി.അനിത | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. പ്രിജിത്ത് എൻ | 01.04.2018 മുതൽ 31.03.2019 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ശരണ്യ.പി | 01.04.2018 മുതൽ 13.08.2018 വരെ |
| | ശ്രീമതി.ലീന.എം.കെ | 14.08.2018 മുതൽ 22.08.2018 വരെ |
| | ശ്രീമതി.ഹൃദ്യ.വി.രജീന്ദ്രൻ | 23.08.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീ. പ്രീതംലാൽ. എൻ.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. പാതിരിയാട് | ശ്രീ.റനിൽ. പി.വി | 01.04.2018 മുതൽ 21.11.2018 വരെ |
| | ശ്രീ.സാജിദ്തെക്കണ്ടിയിൽ | 22.11.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. പടുവിലായി | ശ്രീമതി.ശ്രീജ ബാട്ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പിഎച്ച്സി, വേങ്ങാട് | ഡോ. ആനന്ദവല്ലി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.സൂര്യ.ഇ | 01.04.2018 മുതൽ 13.03.2019 വരെ |
| | ശ്രീമതി.റംല.കെ | 14.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സുജിത്ത്.കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മനോമോഹൻ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 16.04.2018 വരെ |
| | ശ്രീ.പ്രണാം | 17.04.2018 മുതൽ 11.07.2018 വരെ |
| | ശ്രീ.സുധീർ.എം.വി | 12.07.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. പ്രിജിത്ത്.എൻ | 01.4.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി അപാകങ്ങൾ | 1-12 |
| 13 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ് | 1-13 |
| 14 | വസ്തുനികുതി അപാകങ്ങൾ | 1-14. |
| 15 | വാടക ബൈലോ തയ്യാറാക്കിയിട്ടില്ല | 1-15 |
| 16 | ബിൽഡിംഗ് പെർമ്മിറ്റ് നൽകൽ - | 1-16 |

| | | |
|---|---|---|
| | അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കാത്തതും മറ്റ് അപാകങ്ങളും | |
| 17 | ഇ ടെണ്ടർ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹3,74,146 തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കലക്ഷൻ ചാർജ്ജ്- ഈടാക്കിയില്ല | 1-18 |
| 19 | സേവന പുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-19 |
| 20 | സെക്രട്ടറിനിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - ആസൂത്രണത്തിലും, നിർവ്വഹണത്തിലും ദീർഘവീക്ഷണമില്ലായ്മയും കാര്യക്ഷമതക്കുറവും | 1-20 |
| 21 | എസ്.എസ്.എ. വിഹിതം നൽകൽ - ചെലവ് രേഖകൾ/വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. | 1-21 |
| 22 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 23 | അംഗൻവാടികൾക്ക് ശിശുസൗഹൃദ ചിത്രം വരയൽ - പ്രവൃത്തി നിർവ്വഹിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തുക ₹98000 തടസ്സത്തിൽ വെക്കുന്നു | 1-23. |
| 24 | പി.എച്ച്.സി ക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24. |
| 25 | പുന:ചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യ സംസ്കരണം - പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത ഇല്ലാത്തതിനാൽ പദ്ധതി | 1-25 |

| | | |
|---|---|---|
| | പരാജയപ്പെടുകയും പദ്ധതിപ്പണം നഷ്ടപ്പെടുത്തുകയും ചെയ്തു | |
| 26 | കിണർ റീ ചാർജ്ജിംഗ് - ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം - ചെയ്തു. | 1-26. |
| 27 | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം - പദ്ധതി നിർവ്വഹണരേഖകൾ അപൂർണ്ണം - ചെലവ് തുക 5,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു. | 1-27 |
| 28 | തെരുവുനായ നിയന്ത്രണ പരിപാടികൾ ഫലപ്രദമായി നടപ്പാക്കേണ്ടതാണ്. | 1-28 |
| 29 | ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല | 1-29 |
| 30 | ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് - ക്ഷീരവികസന വകുപ്പിൽ നിന്നുള്ള ധനസഹായം ലഭ്യമായില്ല. | 1-30 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പ്രോജക്ട് - മോണിറ്ററിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-31 |
| 32 | ബഡ്സ് സ്കൂൾ പ്രവർത്തനം- കാര്യക്ഷമമാക്കേണ്ടതാണ്. | 1-32 |
| 33 | വേങ്ങാട് തെരു സൊസൈറ്റി റോഡ് ടാറിംഗ്-നികുതി ഈടാക്കിയതിൽ കുറവ് | 1-33 |
| 34 | മരാമത്ത് പ്രവൃത്തികളുടെ തുടർ പരിശോധന നടത്തി കരാർ കാലാവധിക്കുള്ളിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. | 1-34 |
| 35 | എസ്.സി. വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-35 |

| | | |
|---|---|---|
| 36 | നിലവിലില്ലാത്ത വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-36 |
| 37 | തെരുവുവിളക്ക്- റിപ്പയർ കരാർ- തുക അനുവദിക്കൽ-സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-37 |
| 38 | സ്നേഹ സാന്ത്വനം – പെയിൻ & പാലിയേറ്റീവ് പരിചരണം | 1-38 |
| 39 | വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ് | 1-39 |
| 40 | കൃഷിഭവനിൽ കംപ്യൂട്ടർ യു.പി.എസ് ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങൽ -ഉപകരണങ്ങൾ ലഭ്യമാക്കിയില്ല – ₹103791 തടസ്സപ്പെടുത്തുന്നു. | 1-40 |
| 41 | കാടുവെട്ടിയന്ത്രം വാങ്ങിയതിലെ അപാകതകൾ – ₹387090 തടസ്സപ്പെടുത്തുന്നു. | 1-41 |
| ഭാഗം 2 | | |
| വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം 3 | | |
| ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം 4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 42 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 4-1 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം | |
| 43 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 44 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 46 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 47 | സ്ഥിര നിക്ഷേപം | 4-6 |
| 48 | ഓഡിറ്റ് റിക്കവറി | 4-7 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 50 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 53 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 54 | റെസീറ്റ് & പേയ്മെന്റ് | അനുബന്ധം-2 |
| 55 | ഇൻകം & എക്സ്പെൻഡിച്ചർ | അനുബന്ധം-3 |
| 56 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 01/2018 തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ 01/2019 തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 42902832 |
| വരവ് | 87015316 |
| | |

| | |
|---|---|
| ആകെ | 129918148 |
| ചെലവ് | 109702451 |
| നീക്കിയിരിപ്പ് | 20215697 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവോ ചെലവോ യഥാർത്ഥ കണക്കുമായി യാതൊരു പൊരുത്തവുമില്ല എന്നത് ബജറ്റ് തയ്യാറാക്കുന്നതിലെ മുന്നൊരുക്കത്തിന്റെ അഭാവമാണ് കാണിക്കുന്നത്. ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൃത്യമായ പഠനവും മുന്നൊരുക്കവും നടത്തേണ്ടതാണ്. ഓരോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ നിന്നും കരട് ബജറ്റ് നിർദ്ദേശങ്ങൾ ശേഖരിക്കേണ്ടതാണ്. ഈ വിധം ലഭിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി വിലയിരുത്തി വേണം കരട് ബജറ്റ് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകാരം വാങ്ങുവാൻ. ജനവരി മാസത്തിൽ തന്നാണ്ട് ബജറ്റ് യഥാർത്ഥ വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ പുതുക്കി തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ആവശ്യമായ സന്ദർഭങ്ങളിൽ ബജറ്റ് റീ അപ്രോപ്രിയേഷൻ നടത്തുകയും ചെയ്യേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.05.2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29610695.48 |
| വരവ് | 70609100.00 |
| ആകെ | 100219795.48 |
| ചെലവ് | 90763193.00 |
| നീക്കിയിരിപ്പ് | 9456602.48 |

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനവും, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിക്കുന്ന വിഹിതവും., ഗുണഭോക്തൃ വിഹിതവുമാണ് പ്രധാന വരുമാന സ്രോതസ്സുകൾ. ഈ ഇനങ്ങളിലുള്ള വരവുകളും ചെലവുകളും ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടുണ്ട്. വിവിധ ഫണ്ടുകളിൽ നിന്നുള്ള നീക്കിയിരിപ്പ് പിരിച്ചെടുക്കാനുള്ള കുടിശ്ശിക, മുൻകൂറുകൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള വിശദമായ കണക്കുകൾ ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 17654923 | 17654923 | 17654923 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 1309000 | 1309000 | 1309000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6227560 | 6227560 | 6227560 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 1557233 | 1557233 | 1557233 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9114000 | 9114000 | 9114000 | 0 |
| സാക്ഷരത | | 87971 | 3519 | 91490 | 0 | 91490 |
| ദുരിതാശ്വാസനിധി | | 100853 | 17350 | 118203 | 95000 | 23203 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 14960393 | 14960393 | 14960393 | |
| | അഡ്മിനിസ്ട്രേറ്റീവ് | 1664.48 | 248467 | 250131 | 247850 | 2281.48 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| ഐ.സി.ഡി.എസ് | | 1389969 | 1326075 | 2716044 | 1311164 | 1404880 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| തൊഴിൽ രഹിത വേതനം | | | 88920 | 88920 | 88920 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | | 4,80,000 | 4,80,000 | 4,80,000 | 0 |
| ഉൽപ്പാദന ബോണസ് | | | 50,000 | 50,000 | 50,000 | 0 |
| കേരളോത്സവം | | | 20,000 | 20,000 | | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 236811 | 2493610 | 2730421 | 2278574 | 451847 |
| | ജില്ലാ പഞ്ചായത്ത് | 3709022 | 1386230 | 5095252 | 2357875 | 2737377 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 14,462,734 | 14,462,734 | 14,462,734 | |

തനത് ഫണ്ടിനത്തിലുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ അടിസ്ഥാനത്തിലാണ് തനത് ഫണ്ട് വിവരം ഉൾപ്പെടുത്തിയിട്ടുള്ളത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 196 | 106637716 | 138 | 69837890 | 42 | 16 | 70 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച ഫണ്ടിന്റെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 83,55,724 | 22 | 39,57,752 | 14 | 47 | 63 |
| വി.ഇ.ഒ പട്ടുവിലായി | 1,36,46,572 | 10 | 1,08,66,572 | 10 | 79.6 | 100 |
| വി.ഇ.ഒ പാതിരിയാട് | 25,16,927 | 12 | 17,06,386 | 12 | 67.79 | 100 |
| അസി. എഞ്ചിനീയർ | 6,09,15,700 | 110 | 3,67,70,135 | 93 | 60 | 84 |
| കൃഷി ഓഫീസർ | 51,79,360 | 12 | 41,77,041 | 10 | .6 | 83 |
| വെറ്റിനറി സർജ്ജൻ | 33,50,000 | 6 | 16,75,445 | 5 | 50 | 83 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 11,30,000 | 2 | 8,41,957 | 2 | 74.5 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദ | 9,00,000 | 1 | 9,00,000 | 1 | 100 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 76,52,900 | 10 | 67,96,556 | 9 | 88.8 | 90 |
| അസി.സെക്രട്ടറി | 29,90,533 | 11 | 21,46,046 | 10 | 71.7 | 90.9 |
| ആകെ | 10,66,37,716 | 196 | 6,98,37,890 | 166 | 65 | 84.69 |

2018-19 കാലയളവിൽ അംഗീകാരം ലഭിച്ച 196 പ്രോജക്ടുകളിൽ 166 എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കിയ പ്രോജക്ടുകളിൽ തന്നെ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ കൃഷി ഭവന് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പ്രോജക്ടിൽ കംപ്യൂട്ടർ, സ്കാനർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവയ്ക്ക് വേണ്ടി കെൽട്രോണിന് തുക നൽകിയെങ്കിലും നാളിതുവരെ സാമഗ്രികൾ ലഭിച്ചിട്ടില്ല. പി.എച്ച്.സി മെഡിക്കൽ ഓഫീസർ പെയിൻ & പാലിയേറ്റീവ് പ്രോജക്ടിൽ സാന്ത്വന പരിചരണത്തിന് വിവിധ അസുഖ ബാധിതർക്ക് വിതരണം ചെയ്യേണ്ടുന്ന ഇനത്തിൽ മരുന്ന ലഭ്യമാക്കാൻ നടപ്പാക്കിയ പ്രോജക്ടിൽ മരുന്നുകൾക്ക് വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ₹ 1,80,707 രൂപ അഡ്വാൻസ് നൽകിയെങ്കിലും മരുന്നുകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ ലഭ്യമാക്കാൻ സെക്രട്ടറി നടപ്പാക്കിയ പദ്ധതിയിൽ ₹ 2,00,000 രൂപയുടെ മരുന്നുകളും ഇതുവരെയായിട്ടും

ലഭ്യമായിട്ടില്ല, (ഹോംകോ ആലപ്പുഴ) 2018-19 കലയളവിൽ നടപ്പാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളിൽ സെക്രട്ടറിയുടെ 8 പ്രോജക്ടുകൾ, അസി.എഞ്ചിനീയറുടെ 17 പ്രോജക്ടുകൾ, കൃഷി ഓഫീസറുടെ 2 പ്രോജക്ടുകൾ, വെറ്ററിനറി സർജ്ജന്റെ 1 പ്രോജക്ട്, ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ 1 പ്രോജക്ട്, അസി.സെക്രട്ടറിയുടെ 1 പ്രോജക്ട് ഇവ ഉൾപ്പെടുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (കൈ ) നം. 22/2018/ത.സ്വഭ.വ, തിരുവനന്തപുരം തീയതി, 14-02-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ, വികസനരേഖ തയ്യാറാക്കൽ, ഗ്രാമസഭാ യോഗം ചേരൽ, വികസന സെമിനാർ, വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കൽ, പ്രോജക്ട് പരിശോധനയും സാങ്കേതിക അംഗീകാരം നൽകലും, പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും എന്നീ ഘടകങ്ങളിലൂടെ കടന്നുപോയാണ് പദ്ധതികൾ ഫലപ്രാപ്തി കൈവരിക്കുന്നത്. ഈ മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ 2018-19 ലെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും എത്രമാത്രം ഫലപ്രദമായിരുന്നു എന്നത് സംബന്ധിച്ച ഓഡിറ്റ് വിശകലനം ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 28.9 ച.കി.മീ. |
| ജനസംഖ്യ | 38606 (2011 സെൻസസ്സ്) |
| വാർഡുകൾ | 21 |

കേരള സംസ്ഥാന ലാന്റ് യൂസ് ബോർഡ് നടത്തിയ പഠന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 2809 ഹെക്ടറാണ്. ഈ വിസ്തൃതിയിൽ 74.81 ശതമാനം ഭൂപ്രദേശത്ത് മിശ്രവിളകൾ കൃഷി ചെയ്യുന്നു. അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്ത് തികച്ചും കാർഷകബന്ധ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി വരുന്ന പ്രദേശമാണ്. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സാങ്കേതിക സഹായത്തോടെ ഗ്രാമപഞ്ചായത്തിൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് പുറമെ മൃഗസംരക്ഷണം,പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്രലഘൂകരണം, പട്ടികജാതി വികസനം, സാമൂഹ്യ നീതി ,ഗതാഗതം, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ, പരിസ്ഥിതി പൈതൃക സംരക്ഷണം, സദ്ഭരണം എന്നീ മേഖലകളിലെ പുരോഗതി കൂടി ലക്ഷ്യം വെച്ചുള്ള പ്രവർത്തനമാണ് 2018-19 പദ്ധതി കാലയളവിൽ ഉണ്ടായിട്ടുള്ളത്.

പദ്ധതി രൂപീകരണവും വർക്കിംഗ് ഗ്രൂപ്പുകളും

ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പൊതുഭരണവും ധനകാര്യവും, കൃഷി, മൃഗസംരക്ഷണം ക്ഷീരവികസനം, പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ നീതി, വനിതാ വികസനം, പട്ടികജാതി വികസനം, പട്ടിക വർഗ്ഗ വികസനം, ആരോഗ്യം, കുടിവെള്ളം ശുചിത്വം, വിദ്യാഭ്യാസവും കലയും സംസ്കാരവും, പൊതുമരാമത്ത് എന്നീ 12 വിഷയ മേഖലയിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും നിക്ഷിപ്തമായ ചുമതലകൾ എത്ര

മാത്രം കാര്യക്ഷമമായും ഫലപ്രദമായുമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചത് എന്നത് കൃത്യമായി വിലയിരുത്താവുന്ന രേഖപ്പെടുത്തലുകൾ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളിൽ നിന്നും ലഭ്യമല്ല. പൊതു ജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണം ചെയ്യുക, ഗ്രാമസഭാ യോഗങ്ങളിലും, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾക്കും അക്കാദമിക്ക് സഹായം നൽകുന്നത് ഉൾപ്പെടെ ആസുത്രണ പ്രക്രിയയിൽ നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് അപൂർണ്ണങ്ങളായിരുന്നു. കൃത്യമായ അജണ്ടയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തം 2018-19 വർഷത്തെ പദ്ധതി രൂപീകരണത്തിൽ എത്രമാത്രം ഉണ്ടായി എന്ന് വ്യക്തമല്ല.

<u>സ്റ്റാറ്റസ് റിപ്പോർട്ട്:-</u>

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും സമന്വയിപ്പിച്ച് തയ്യാറാക്കേണ്ട അവസ്ഥാ രേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) തയ്യാറാക്കിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിലേക്കായി 5 വർഷത്തേക്ക് തയ്യാറാക്കിയ അവസ്ഥാരേഖ കാലികമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഈ പ്രവർത്തനം നടക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഭാവിയിലെ പുരോഗതി ലക്ഷ്യം വെച്ചുള്ള ആസൂത്രണത്തിനും അവസ്ഥാരേഖ അടിസ്ഥാനമാക്കേണ്ടത് അനിവാര്യമാണ്.

<u>ഗുണഭോക്തൃ തെരഞ്ഞെടുപ്പ്</u>

പദ്ധതി നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടത്തിലെ സുപ്രധാനമായ നടപടിയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ്. അധികാര വികേന്ദ്രീകരണം ജനപങ്കാളിത്തത്തോടു കൂടിയ വികസനത്തിന്റെ അടിസ്ഥാനമായതിനാൽ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും, തെരഞ്ഞെടുക്കുന്നതിലും സുതാര്യതയും കൃത്യതയും ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ സുതാര്യത ഉറപ്പു വരുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 1997 ഏപ്രിൽ മാസം നാലാം തീയതി ഒ.പി. നം.18175/1996 എന്ന വ്യവഹാരത്തിന്റെ വിധിന്യായത്തിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നിയമപരമായ ഉത്തരവാദിത്തം ഗ്രാമസഭകൾക്കാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുൻഗണനാ മാനദണ്ഡങ്ങളും ഓരോന്നിനുമുള്ള മാർക്കും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് നൽകണം. ഈ മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹരായവരെ കൂട്ടായ ചർച്ചകളിലൂടെ തെരഞ്ഞടുക്കേണ്ടതും ഓരോ ഗുണഭോക്താവിനും അർഹമായ മാർക്ക് നൽകി ക്രോഡീകരിക്കേണ്ടതും ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ ഭാഗമായി നടക്കേണ്ടുന്ന പ്രവർത്തനമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ വിധം 2018-19 കാലയളവിലെ വിവിധ പ്രോജക്ടുകൾക്ക് വേണ്ടി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷളിലൊന്നിലും അർഹത നിർണ്ണയിച്ച മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചാൽ അവയിൽ വേണ്ടിവരുന്ന ഭേദഗതികൾക്ക് ഗ്രാമസഭയുടെയും, ഭരണ സമിതിയുടെയും അംഗീകാരം ആവശ്യമാണ്. എന്നാൽ ഈ വിധം പ്രവർത്തിക്കുന്നതായി കാണുന്നില്ല. പ്രോജക്ട് ഫയലിലുള്ള ഗുണഭോക്തൃ പട്ടികയ്ക്ക് ഭരണ സമിതി തീരുമാനപ്രകാരം അംഗീകാരം നൽകുന്നുണ്ട് എന്നതിൽ കവിഞ്ഞ് പ്രസ്തുത ലിസ്റ്റ് ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ച് പരിഷ്കരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നില്ല. ഈ അപാകം പരിഹരിക്കേണ്ടതാണ്. ഓരോ പദ്ധതിയുടേയും പ്രവർത്തന രീതി, അർഹതാ മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച് വിപുലമായ പ്രചാരണം ഗ്രാമസഭവഴി നൽകി അർഹരായവരെ മാത്രം ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ഒടുക്കേണ്ടുന്ന പ്രോജക്ടുകളിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് പദ്ധതി നിർവ്വഹണത്തിന്റെ ഘട്ടത്തിൽ പിൻമാറുന്ന പ്രവണത ഉണ്ടാവുന്നത് ഒഴിവാക്കാൻ ഗുണഭോക്തൃ

വിഹിതം ഒടുക്കേണ്ടി വരുന്നതിനെ സംബന്ധിച്ച് വ്യക്തമായ അറിയിപ്പും, തുക ഒടുക്കുമെന്ന ഉറപ്പും നൽകുന്നവരെ മാത്രം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും</u>

പദ്ധതി രൂപീകരിച്ചതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് ഗ്രൂപ്പിന്റെ കൺവീനറായി അതേ ഗ്രൂപ്പിലെ മറ്റൊരു ഉദ്യാഗസ്ഥനെ നിയമിക്കേണ്ടതാണ്. വിഭാവനം ചെയ്ത പദ്ധതികൾ ആസൂത്രണം ചെയ്ത ക്രമത്തിലും രീതിയിലും സുതാര്യമായും കാര്യക്ഷമമായും നിർവ്വഹിച്ചുവെന്നും പദ്ധതി പണം ഫലപ്രദമായി വിനിയോഗിച്ചു എന്നും പൊതുജനത്തിന് ഉറപ്പു നൽകേണ്ടുന്ന ചുമതലയാണ് മോണിറ്ററിംഗ് കമ്മറ്റിക്കുള്ളത്. മോണിറ്ററിംഗ് കമ്മറ്റികൾ പരിശോധനയ്ക്ക് വിധേയമാക്കിയ പ്രോജക്ടിന്റെ നേട്ട കോട്ട വിശകലനം സഹിതമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതും പ്രസ്തുത റിപ്പോർട്ടിൽ മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ ഒപ്പിട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമുണ്ട്. എന്നാൽ 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയ ഒരു പ്രോജക്ട് ഫയലിലും ഈ രീതിയിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് എന്ന പേരിൽ ഒരു പേപ്പർ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗത്തിലും മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ എല്ലാവരും ഒപ്പ് രേഖപ്പെടുത്തുകയോ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ അപാകം പരിഹരിക്കേണ്ടതാണ്. ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതും വിശദമായി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1664.48 | 248467 | 250131 | 247850 | 2281.48 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14960393 | 14960393 | 14960393 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 88920 | 47 |
| കർഷക തൊഴിലാളി | 9146300 | 685 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 17241800 | 1437 |
| വാർദ്ധക്യകാലപെൻഷൻ | 30134800 | 2581 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 6419400 | 505 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3711700 | 314 |

ക്ഷേമപെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കല്പിക്കേണ്ടതാണ്. ക്ഷേമപെൻഷൻ അപേക്ഷകൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ കൃത്യമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ കാലയളവിൽ മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളുടെ വിവരം പെൻഷൻ ഡാറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതാണ്. അനർഹർ പെൻഷൻ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-08-2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,35,174/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ഭരണചുമതലകളോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളും മറ്റുപൊതുവായ ചുമതലകളും നിർവ്വഹിക്കുന്നതിന് സഹായകമായ ആഭ്യന്തര ഭരണ സംവിധാനങ്ങൾ തൃപ്തികരമായി ഏർപ്പെടുത്തിയിട്ടുണ്ട്. 21 വാർഡുകളും അത്രയും ജനസംഖ്യയും ഉള്ളത് കൊണ്ട് തന്നെ ഭാരിച്ച ചുമതലകൾ നിർവ്വഹിക്കാനുണ്ട്. ജീവനക്കാരുടെ ജോലികളുമായി ബന്ധപ്പെട്ട് ഓഫീസ് ഉത്തരവ് തയ്യാറാക്കിയിട്ടുണ്ട്. അടിയന്തിരമായി ചെയ്തു തീർക്കേണ്ട ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നടത്തേണ്ടുന്ന ക്രമീകരണങ്ങൾ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ അവധി ദിവസങ്ങളിൽപ്പോലും ജീവനക്കാർ ഓഫീസിൽ ഹാജരാകുവാൻ ഉത്തരവുകൾ നൽകി വരുന്നുണ്ട്. 100% നികുതി പിരിവ് നിയമപരമായതും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായും പ്രവർത്തിക്കാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമാക്കേണ്ടതും, പൊതുജനങ്ങൾക്ക് സെക്ഷനെ സമീപിക്കാതെ തന്നെ വിവരങ്ങൾ നൽകാൻ കഴിയുന്ന വിധത്തിലുള്ള ഹെൽപ് ഡസ്ക് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

വരവ് ചെലവ് കണക്കുകൾ യഥാസമയം തയ്യാറാക്കി സമയബന്ധിതമായി ഓഡിറ്റ് പരിശോധനയ്ക്ക് അയച്ചു നൽകിയിട്ടുണ്ട്. സാംഖ്യ ഡെബിൾ എൻട്രി സമ്പ്രദായത്തിൽ കണക്കുകൾ

തയ്യാറാക്കിയിട്ടുണ്ട്. കണക്കുകൾക്ക് അനുസൃതമായ രേഖകളും രജിസ്റ്ററുകളും തയ്യാറാക്കിയിട്ടുണ്ട്. നികുതി പിരിവിൽ 100% ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ വിവിധ ശീർഷകങ്ങളിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാനായിട്ടില്ല. നടപ്പാക്കിയ പദ്ധതികളിലെ ഭൗതിക ലക്ഷ്യങ്ങൾ പൂർത്തീകരിച്ചോ എന്ന തുടർ പരിശോധന നടക്കുന്നില്ല. അടിയന്തിര ആവശ്യാർത്ഥം ആശുപത്രികൾക്കും പാലിയേറ്റീവ് രോഗികൾക്കും ലഭ്യമാക്കുവാനുള്ള മരുന്നുകൾക്ക് സ്ഥാപനങ്ങൾക്ക് തുക മുൻകൂറായി നൽകിയെങ്കിലും മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ പൊതു ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2019, 12.07.2019 | 01.05.2019 മുതൽ 30.06.2019 വരെ | 12.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2018 | 2013-14 മുതൽ 2017-18 വരെ | 15.01.2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി, കുടിശ്ശിക ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. മുൻവർഷത്തെ B7 ഷെഡ്യൂളിലെ തുക ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

3. തൊഴിൽ രഹിത വേതനം ഇനത്തിൽ തൻവർഷം ₹96,040 വരവ് വന്നതിൽ ₹78,120 വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുകയായ ₹17,920 (₹7120+10800) ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ (RP 7) ഈയിനത്തിൽ ₹ 88920 ആണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

4. 2017-18 ലെ ബി 18 ഷെഡ്യൂൾ പ്രകാരം Advance to Others എന്നതിൽ മുന്നിരിപ്പായി ₹49000 ഉണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ പ്രകാരം ₹47750 ആണുള്ളത്. കൂടാതെ 2018-19 ലെ ചെലവ് (RP 47) ₹4,05,000 ഉം അഡ്വാൻസ് രജിസ്റ്റർ പ്രകാരം ₹ 4,47,500 ഉം ആണ്.

5. വാർഷിക ധനകാര്യ പത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6. ബി 11 ഷെഡ്യൂളിൽ നൽകിയിരിക്കുന്ന ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽ കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽ നികുതി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | ടെലഫോൺ എക്സ്ചേഞ്ച്, മമ്പറം | രൂപ.എ. | 125640 | 1250 | 1000 | 250 |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 18/26.08.2019) കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി അറിയിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തു വകകൾക്കോ ആപൽക്കരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളാണുള്ളത്. ഈ

വാർഡുകളിലെല്ലാമായി സ്ഥാപനങ്ങൾ 2018-19 വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തു നികുതി നിർണ്ണയിച്ച 3202 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 2708 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ള കെട്ടിടങ്ങൾ | 145 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെയുള്ള ഷോപ്പിംഗ് മാളുകൾ | 7 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിലുള്ള ഷോപ്പിംഗ് മാളുകൾ | 22 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 24 |
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 24 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായശാലകൾക്കുള്ള ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 35 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 192 |
| ഇതരവ്യവസായ ആവശ്യത്തിനുള്ളവ | 45 |
| ആകെ | 3202 |

എന്നാൽ 762 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. ആയതിനാൽ തന്നെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച

സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ്തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-14 വസ്തുനികുതി അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും, ആ കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നെങ്കിൽ ചുമത്തപ്പെടാമായിരുന്ന വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. 2018-19 വർഷം പൊളിച്ച് കളഞ്ഞതായി കണക്കാക്കി നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2018-19 രണ്ടാം അർദ്ധവർഷത്തിൽ നികുതി ഒഴിവാക്കുന്നതിനായി അപേക്ഷ നൽകിയ കെട്ടിടങ്ങൾക്ക് ആ അർദ്ധവർഷത്തിലോ, ഒന്നാം അർദ്ധവർഷം മുതലോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് ഒഴിവാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | നികുതി തുക | നികുതി ഒഴിവാക്കാൻ അപേക്ഷ നൽകിയ തീയതി | ഡിമാന്റ് ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 4/166 | 279 | 30.11.2018 | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 2/570 | 198 | 8.11.2018 | 2018 രണ്ടാം അർദ്ധവർഷം മുതൽ |
| 5/326 | 577 | 15.01.2019 | 2018 രണ്ടാം അർദ്ധവർഷം മുതൽ |

2) കെട്ടിട ഉടമയുടെ അപേക്ഷയില്ലാതെ വാർഡ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട്, സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (തീരുമാനം നമ്പർ 32/2019, തീയതി 23.03.2019) എന്നിവയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളെ സഞ്ചയയിൽ പൊളിച്ച് മാറ്റിയ കെട്ടിടങ്ങളായി രേഖപ്പെടുത്തുകയും 2018 ഒന്നാം അർദ്ധവർഷം മുതൽ അവയെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വാർഡ് നമ്പർ / കെട്ടിടനമ്പർ |
|---|---|
| | |

| | |
|---|---|
| 1 | 21/993 |
| 2 | 21/1070 |
| 3 | 19/165 |

മേൽ അപാകങ്ങൾ പരാമർശിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 38/29.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വ്യക്തമായ അന്വേഷണം നടത്തി നികുതി വരവിൽ കുറവ് സംഭവിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടു കൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ കീഴിലുള്ള മുറികൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടില്ല. മുറികൾ നിലവിലുള്ള വാടക്കാർക്ക് തന്നെ 5% നികുതി വർദ്ധനവ് വരുത്തി പുതുക്കി നൽകുകയാണ് ചെയ്തു വരുന്നത്. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

## 1-16 ബിൽഡിംഗ് പെർമ്മിറ്റ് നൽകൽ - അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കാത്തതും മറ്റ് അപാകങ്ങളും

ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രേഖകൾ പ്രകാരം 2018-19 വർഷം ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിന് വേണ്ടി ആകെ 537 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 471 എണ്ണത്തിന് തൻവർഷം സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 66 എണ്ണം തീർപ്പു കൽപ്പിക്കുന്നതിൽ ചട്ടപ്രകാരമായ നടപടി സ്വീകരിച്ച് അപേക്ഷ തീർപ്പ് കൽപ്പിച്ചിട്ടില്ല. ക്രമവൽക്കൽക്കരണത്തിന് ലഭിച്ച 37 അപേക്ഷകളിൽ 36 എണ്ണം സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശത്തിന് ലഭിച്ച 233 അപേക്ഷകളിൽ എല്ലാം തന്നെ തീർപ്പാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ച ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച വിവരങ്ങളായ കെട്ടിട നിർമാണം സമയബന്ധിതമായി പൂർത്തിയാക്കിയ വിവരം, ഒരിക്കൽ നമ്പർ അനുവദിച്ച കെട്ടിടത്തിന് കൂട്ടിച്ചേർക്കലുകൾ നടത്തിയത്, പൂർത്തീകരിച്ചത് എന്നിവ ചേർത്തിട്ടില്ല. രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

## 1-17 ഇ ടെണ്ടർ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹ 3,74,146 രൂപ തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 78 പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേനയുള്ള പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫീയിനത്തിൽ ₹1,36,766 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 2015-16 മുതലാണ് ഇ-ടെണ്ടർ സമ്പ്രദായം ആരംഭിച്ചത് ഇ-ടെണ്ടർ നടപടികളിലൂടെ നിർവ്വഹിച്ച പ്രവൃത്തികൾക്ക് ലഭിച്ച ടെണ്ടറുകളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ചുള്ള വിവരം കൃത്യമായി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇ-ടെണ്ടർ നടപടി തുടങ്ങിയ 2015-16 മുതൽ 2018-19 വരെ ആകെ ₹3,74,146 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കലക്ഷൻ ചാർജ്ജ്- ഈടാക്കിയില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് പ്രകാരം ഒരു വർഷത്തിൽ വിവിധ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങളിലൂടെ പിരിച്ച് നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കുന്ന ക്ഷേമനിധി വിഹിതത്തിന്റെ 1% തുക കലക്ഷൻ ചാർജ്ജിനത്തിൽ തുക പിരിച്ച് ഒടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാമെന്ന വ്യവസ്ഥ നിലവിലുണ്ട്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ 2018-19 വർഷത്തിൽ 3,67,101/- രൂപ ഗ്രാമപഞ്ചായത്ത് പിരിച്ച് ഒടുക്കിയിട്ടുണ്ട്. ഈ തുകയുടെ കലക്ഷൻ ചാർജ്ജിനത്തിൽ ₹3671 ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ടതാണ്. ഈ തുക തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 സേവന പുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വേങ്ങാട് ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന താഴെ പറയുന്ന ജീവനക്കാരുടെ സേവന പുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | അവധി കാലയളവ് | അവധി തരം | റിമാർക്സ് |
|---|---|---|---|---|
| 1 | സിലീഷ് ചന്ത്രോത്ത്, ക്ളാർക്ക് | 25.07.2012 മുതൽ 03.08.2012 വരെ | പിതൃത്വാവധി | ഏൺഡ് ലീവ് കണക്കാക്കുമ്പോൾ ഈ ദിവസങ്ങൾകൂടി കണക്കിലെടുത്തു |
| | | 01.04.2017 മുതൽ 31.3.2018 | പരിവർത്തിതാവധി | |
| | | 01.10.2018. മുതൽ 31.03.2018 വരെ | പരിവർത്തിതാവധി | |
| 2 | | 05.01.2013 | അർദ്ധവേതനാവധി | ഏൺഡ് ലീവ് |

| | | | | |
|---|---|---|---|---|
| | ഷീന എ, ക്ളാർക്ക് | മുതൽ 14.01.2013 വരെ | | കണക്കാക്കുമ്പോൾ ഈ ദിവസങ്ങൾകൂടി കണക്കിലെടുത്തു |
| | | 01.02.2013 മുതൽ 07.02.2013 വരെ | അർദ്ധവേതനാവധി | |
| | | 16.04.2013 മുതൽ 31.04.2013 വരെ | അർദ്ധവേതനാവധി | |
| | | 01.05.2013 മുതൽ 08.05.2013 വരെ | അർദ്ധവേതനാവധി | |
| | | 09.05.2013 മുതൽ 31.05.2013 വരെ | ശൂന്യവേതനാവധി | |
| | | 11.09.2013 മുതൽ 09.03.2014 വരെ | പ്രസവാവധി | |
| | | 01.12.2016 മുതൽ 15.02.2017 വരെ | അർദ്ധവേതനാവധി | |

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ലീവ് അക്കൗണ്ടുകൾ കാലികമാക്കി അധികമായി അനുവദിച്ച അവധികൾ ക്രമീകരിക്കേണ്ടതുമാണ്.

# 1-20 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - ആസൂത്രണത്തിലും , നിർവ്വഹണത്തിലും ദീർഘവീക്ഷണമില്ലായ്മയും കാര്യക്ഷമതക്കുറവും

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 22 പദ്ധതികൾ രൂപീകരിച്ച് ഡി.പി.സി. അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇതിനായി ആകെ വകയിരുത്തിയ അടങ്കൽ തുക 83,55,724/- രൂപയാണ്. ഇതിൽ തൻവർഷം 39,57,752/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 47% മാത്രമാണ് തൻവർഷം ചെലവ് ചെയ്തത്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം 22 പദ്ധതികൾ രൂപീകരിച്ച് തുക വകയിരുത്തിയതിൽ 17 എണ്ണം തൻവർഷം പുതുതായി രൂപീകരിച്ചതും, 5 എണ്ണം സ്പിൽ ഓവർ പദ്ധതികളുമാണ്. സ്പിൽ ഓവർ ഓവർ പദ്ധതികളിൽ 5 എണ്ണത്തിൽ 1 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിൽ തൻവർഷം തുക വകയിരുത്തിയ 4 സ്പിൽ ഓവർ പദ്ധതികൾ നിർവ്വഹണം നടത്താതെ പരാജയപ്പെടുകയാണുണ്ടായത്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം 22 പദ്ധതികൾ രൂപീകരിച്ച് തുക വകയിരുത്തിയതിൽ 14 എണ്ണം നടപ്പിലാക്കുകയുണ്ടായി. അവ താഴെപറയുന്നു.

| ക്രമ | പദ്ധതിയുടെ പേര്/ | അടങ്കൽ | ചെലവ് | ഫണ്ട് |
|---|---|---|---|---|

| നം. | നമ്പർ | തുക | തുക | വിനിയോഗത്തിന്റെ ശതമാനം |
|---|---|---|---|---|
| 1 | എസ്.എസ്.എ. വിഹിതം നൽകൽ 9/2018-19 | 24,64,302 | 24,64,302 | 100% |
| 2 | ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകൽ 10/2018-19 | 2,66,440/- | 2,66,440/- | 100% |
| 3 | ഐ.കെ.എം.ന് വിഹിതം നൽകൽ 11/2018-19 | 75963/- | 75963/- | 100% |
| 4 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് 12/18-19 | 3,00,000/- | 2,91,039/- | 97% |
| 5 | ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി 13/18-19 | 70,000/- | 48,675/- | 69.5% |
| 6 | വായനാ കോർണറിൽ പ്രസിദ്ധീകരണങ്ങൾ 19/18-19 | 53,000/- | 16811/- | 31.7% |
| 7 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ 20/18-19 | 2,00,000/- | 2,00,000/- | 100% |
| 8 | തുടർസാക്ഷരതാ പ്രവർത്ത നങ്ങൾ35/18-19 | 2,00,000/- | 70,250/- | 35% |
| 9 | അഞ്ചരക്കണ്ടി ബസ്റ്റാൻഡിലെ കുഴൽകിണറിന് മോട്ടോർ സ്ഥാപിക്കൽ 140/18-19 | 1,40,000/- | 1,18,999/- | 84.9% |
| 10 | ഗ്രാമപഞ്ചായത്ത് ഓഫീസിന് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ 149/18-19 | 4,86,419/- | 63,439/- | 13% |
| 11 | കുട്ടികളുടെ സമഗ്ര കലാകായിക പരിപോഷണം 167/18-19 | 3,93,100/- | 66,700/- | 16.9% |
| 12 | എൽ.എസ്.ജി.ഡി അസി. എഞ്ചിനീയറുടെ ഓഫീസിന് | 20,000/- | 13,971/- | 69.8% |

| | | | | |
|---|---|---|---|---|
| | നെറ്റ് വർക്കിംഗ് 48/18-19 | | | |
| 13 | ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം133/18-19 | 2,20,000/- | 1,65,432/- | 75% |
| 14 | തെരുവ് വിളക്ക് റിപ്പയർ 47/18-19 | 2,84,400/- | 71,100/- | 25% |

മുകളിൽ ചൂണ്ടിക്കാണിച്ച പല പദ്ധതികൾക്കും വകയിരുത്തിയ തുകയിൽ നാമമാത്രമായ തുക മാത്രമാണ് 2018-19 വർഷം ചെലവ് വന്നിട്ടുള്ളത്. വൻ തുക വകയിരുത്തുകയും നാമമാത്ര തുക ചെലവ് നടത്തുകയും ചെയ്യുന്നത് ഫണ്ട് വകയിരുത്തുന്നതിലുള്ള ധാരണക്കുറവും വികസന പ്രവർത്തനങ്ങളുടെ വ്യാപനം തടയുന്നതിനും കാരണമായേക്കാവുന്നതാണ്. വികസന ഫണ്ടിന്റെ കാര്യത്തിൽ തൻവർഷം വകയിരുത്തിയ ഫണ്ട് ചെലവഴിക്കാത്തത് ഫണ്ട് നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. ആകെ വകയിരുത്തിയ തുകയുടെ പകുതി തുക പോലും തൻവർഷം ചെലവ് ചെയ്യാതെ വരുന്നത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയായി വിലയിരുത്താവുന്നതാണ്. സാമ്പത്തിക-സാങ്കേതിക-പ്രായോഗിക ക്ഷമതയുള്ള പദ്ധതികൾ പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കാൻ ബാധ്യതയുള്ള സമിതിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. കൂടാതെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിലെ കുറവും ചില പദ്ധതികൾ നാമമാത്രമായ നിർവ്വഹണത്തിലൊതുങ്ങിയതും വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമതയില്ലായ്മയാണ് കാണിക്കുന്നത്. മേഖലാ വിഭജനത്തിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ വരുന്ന പദ്ധതികളാണ് സെക്രട്ടറി പ്രധാനമായും നടപ്പിൽ വരുത്തിയത്. 2018-19 സാമ്പത്തിക വർഷം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി 16 തവണ യോഗം ചേർന്ന് പദ്ധതി രൂപീകരണം, നിർവ്വഹണം, പദ്ധതികൾ അവലോകനം എന്നിവ ചർച്ച ചെയ്തിരുന്നുവെങ്കിലും പദ്ധതികൾ ഫണ്ട് വകയിരുത്തലിനനുസരിച്ച് ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കുന്നതിൽ ജാഗ്രതക്കുറവുണ്ടായി എന്ന് വിലയിരുത്താവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ എന്നിവയിൽ നിന്ന് ഉരുത്തിരിയുന്ന പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവ പരിശോധിച്ച് ഫണ്ട് വകയിരുത്തലിനായി ശുപാർശ ചെയ്യുന്നതു വഴി വരുന്ന പദ്ധതികൾക്ക് നിർവ്വഹണ ഘട്ടത്തിൽ നാമ മാത്രമായി ചെലവ് വരുന്നത് പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പോരായ്മയായി കണക്കാക്കാവുന്നതാണ്.

## 1-21 എസ്.എസ്.എ.വിഹിതം നൽകൽ - ചെലവ് രേഖകൾ/വിനിയോഗ സാക്ഷ്യപത്യം എന്നിവ ഹാജാക്കിയില്ല. 24,64,302/- രൂപ തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ.വിഹിതം നൽകൽ |
| പ്രോജക്ട് നം. | 9/2019 |
| അടങ്കൽ | 24,64,302/- (വികസന ഫണ്ട്) |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 24,64,302/- |
| ബിൽ നം. | 4/18-19/20.7.2018-14,06,088/-<br>20/18-19.21.12.2018-10,58,214/- |

2018-19 വർഷം എസ്.എസ്.എ. വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 24,64,302/- രൂപ പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറി കൂത്തുപറമ്പ് സബ് ട്രഷറിയിൽ നിന്ന് പിൻവലിച്ച് (ബിൽ നം.4/18-19/ 20.07.2018- 14,06,088/- രൂപ, 20/18-19.21.12.2018 -10,58,214/- രൂപ) സർവ്വശിക്ഷ അഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസർ, കണ്ണൂരിന് നൽകുകയുണ്ടായി. ഇതിന് സർവ്വശിക്ഷ അഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസർ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടുണ്ട്. (രശീതി നം. 431/18. തീയ്യതി 21.07.2018, 435/18 തീയ്യതി.26.12.2018).

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയ്യതി 29.1.2018 ഖണ്ഡിക 7.6 അനുസരിച്ച് ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ, ആർ.എം.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം. ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതുമാണ്. മേൽ ഉത്തരവനുസരിച്ച് എസ്.എസ്.എ. പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നിരിക്കെ വേങ്ങാട് ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക-പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് 2018-19 വർഷം ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ.ക്ക് നൽകിയ 24,64,302/- രൂപയ്ക്ക് ഏതൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് എന്നതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ഗ്രാമ പഞ്ചായത്ത് നൽകിയ മുഴുവൻ തുകയും തൻവർഷം വിനിയോഗിച്ചിട്ടുണ്ടോ, ചെലവിന് ആനുപാതികമായ തുകയാണോ പഞ്ചായത്ത് എസ്.എസ്.എ. ക്ക് നൽകിയത് എന്നത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സ്കൂളുകളുടെ ഭൗതിക-പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സർവ്വ ശിക്ഷാ അഭിയാൻ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

# 1-22. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ലക്ഷ്യം വെച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ച ഈ പദ്ധതിക്ക് വകയിരുത്തിയ തുക പൂർണ്ണമായും തൻവർഷം ചെലവ് വന്നിട്ടുണ്ടെങ്കിലും പദ്ധതിയുടെ ലക്ഷ്യം നാളിതുവരെയായി കൈവരിച്ചിട്ടില്ല പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് |

| | |
|---|---|
| | മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം | 20 /18-19 |
| അടങ്കൽ | 2,00,000/-(മെയ്റ്റനൻസ് ഫണ്ട് നോൺ റോഡ് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 2,00,000/- |
| ബിൽനം | 17/18-19 2, 00,000/- 13.12.18 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി മരുന്ന് ലഭ്യമാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 13.12.2018 തീയതിയിൽ പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻകൂറായി മരുന്നിന്റെ വിലയായ 2,00,000/- രൂപ നൽകിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രശീത് ഹാജരാക്കിയിട്ടുണ്ട്. (രശീതി നം. 988/18-19 തീയ്യതി 29.12.2018). 2,00,000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 13.12.2018 തീയതിയിൽ തുക നൽകി എങ്കിലും 6 മാസം പിന്നിട്ടിട്ടും മരുന്നുകൾ ലഭ്യമാക്കുകയോ തുടർ കത്തിടപാടുകൾ നടത്തുകയോ ചെയ്തതായി കാണുന്നില്ല. തുക നൽകി നാളിതു വരെയായി മരുന്ന് ലഭ്യമാക്കാത്തതിനാൽ പദ്ധതി നിർവ്വഹണോദ്യാഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറി, പദ്ധതി മോണിറ്ററിംഗ് സമിതിയായ വർക്കിംഗ് ഗ്രൂപ്പ്, പദ്ധതി മേൽനോട്ട സമിതിയായ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 32 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23. അംഗൻവാടികൾക്ക് ശിശുസൗഹൃദ ചിത്രം വരയൽ- പ്രവൃത്തി നിർവ്വഹിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് : ₹98000 തടസ്സത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 86/19

പ്രോജക്ടിന്റെ പേര് : അംഗൻവാടികൾക്ക് ശിശുസൗഹൃദ ചിത്രം വരയൽ

വകയിരുത്തിയ തുക : ₹98000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹98000, 17/18-19, 23.03.19

അംഗൻവാടികളിൽ ചിത്രം വരയുന്നതിനുള്ള മേൽ പ്രോജക്ടിനായി ശ്രീ. ഇ.സുധീർ എന്ന വ്യക്തിക്ക് ടെണ്ടർ നടപടികളിലൂടെ ചതുരശ്ര അടിയ്ക്ക് 9 രൂപ നിരക്കിൽ ടെണ്ടർ നൽകിയിട്ടുണ്ട്. ഇത് പ്രകാരം 6 അംഗൻവാടികളിൽ ചിത്രം വരച്ചതിന്റെ ചെലവവിനത്തിൽ ₹98000 കരാറുകാരനായ ശ്രീ. ഇ.സുധീറിന് നൽകിയിട്ടുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ടിൽ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം ഓരോ അംഗൻവാടികളിലും പൂർത്തിയാക്കിയ ചിത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നൽകിയ തുകയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തി നടന്നിട്ടുണ്ടെന്ന് വ്യക്തമല്ല. ടെണ്ടർ പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിച്ചതിന്റെ അളവുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ₹98000 തടസ്സത്തിൽ വെക്കുന്നു.

## 1-24 പി.എച്ച്.സി ക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല.തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

പ്രോജക്ട് നമ്പർ :49 /19

പ്രോജക്ടിന്റെ പേര് : സ്നേഹസാന്ത്വനം- പെയിൻ & പാലിയേറ്റീവ് പരിചരണം(സ്പർശം)

വകയിരുത്തിയ തുക : ₹700000 വികസന ഫണ്ട്

₹200000 തനത് ഫണ്ട്

₹100000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

₹100000 ജില്ലാപഞ്ചായത്ത് വിഹിതം

ആകെ ₹1100000

ചെലവു തുക ₹686406 വികസനഫണ്ട്

₹100000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

₹28391 ജില്ലാപഞ്ചായത്ത് വിഹിതം

ആകെ ₹814797

പ്രോജക്ട് നടത്തിപ്പിന് 2018-19 വർഷത്തിൽ ചെലവഴിച്ച ₹ 8,14,797 രൂപയിൽ പി.എച്ചി.സിക്ക് എയർബെഡ്ഡ്, കമ്മോട് ചെയർ, സ്റ്റെതസ്കോപ്പ്, ബി.പി.അപ്പാരറ്റസ്സ്, വെയിംഗ് മെഷീൻ എന്നി ഉപകരണങ്ങൾ വാങ്ങുന്നതിന് ₹41339 (ബിൽ നമ്പർ 3/18-19,തീയതി 21.08.18) വികസന ഫണ്ടിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആവശ്യപ്പെട്ടതിൽ വെയിംഗ് മെഷീൻ ഒഴികെയുള്ള ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

മേൽ പ്രോജക്ടിന്റെ ഭാഗമായി ₹180707(ബിൽ നമ്പർ 9/18-19,തീയതി 15.02.19) മരുന്ന് ലഭ്യമാക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക

മുൻകൂറായി നൽകിയിട്ടുണ്ട്.

എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. സാന്ത്വന പരിചരണത്തിന് കിടപ്പുരോഗികൾക്ക് ലഭ്യമാക്കേണ്ട ഇനത്തിലാണ് പ്രസ്തുത പ്രോജക്ട് നടപ്പാക്കിയത്. തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പദ്ധതി പ്രകാരം ലഭ്യമാകേണ്ട ഉപകരണങ്ങൾ/മരുന്നുകൾ സത്വരമായി ലഭ്യമാക്കി അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-25 പുന:ചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യ സംസ്ക്കരണം - പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത ഇല്ലാത്തതിനാൽ പദ്ധതി പരാജയപ്പെടുകയും പദ്ധതിപ്പണം നഷ്ടപ്പെടുത്തുകയും ചെയ്തു

ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണ് പുനഃചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യ സംസ്കരണം എന്ന പ്രോജക്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും ഹരിത കർമ്മസേന ശേഖരിക്കുന്ന പുന:ചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾ ഷ്രെഡിംഗ് യൂണിറ്റിലേക്ക് കയറ്റി അയക്കുന്നതിന് വേണ്ടി വരുന്ന കയറ്റിറക്ക് കൂലിയും വാഹന വാടകയും ഉൾപ്പെടുന്ന ചെലവുകൾക്കാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പുന:ചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യ സംസ്കരണം |
| പ്രോജക്ട് നം. | 76/2019 |
| അടങ്കൽ | 2,00,000/-(വികസന ഫണ്ട്) |
| ചെലവ് | 75,000/- |
| ബിൽ നം. | 14/18-19.21/03/2019-25,000/-<br>8/18-19. 22/12/2018- 50,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. പടുവിലായി |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്ന് 2018-19 വർഷം 2,00,000/- രൂപ നീക്കി വെച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 21 വാർഡുകളിലെ വീടുകൾ, കച്ചവടസ്ഥാപനങ്ങൾ, പൊതു

സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഹരിതസേന ശേഖരിച്ച് ഗ്രാമ പഞ്ചായത്തിന്റെ എം.സി.എഫ്. യൂണിറ്റിൽ എത്തിക്കുന്ന പുനഃചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾ ഷ്രെഡിംഗ് യൂണിറ്റിലേക്ക് കയറ്റി അയക്കുന്നതിന് വേണ്ടി വരുന്ന കയറ്റിറക്ക് കൂലിയും വാഹന വാടകയും ഉൾപ്പെടുന്ന ചെലവുകൾക്ക് വേണ്ടി 18.05.2018-ന് ഡി.പി.സി. അംഗീകാരം നേടി രൂപീകരിച്ച മേൽ പദ്ധതിക്ക് തൻ വർഷം 75,000/- രൂപ ചെലവ് വന്നിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി പഞ്ചായത്ത് ടെണ്ടർ ക്ഷണിക്കുകയും പുനഃചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾ ഷ്രെഡിംഗ് യുണിറ്റിലേക്ക് കയറ്റി അയക്കുന്നതിന് വേണ്ടി വരുന്ന കയറ്റിറക്ക് കൂലിയും വാഹന വാടകയും ഉൾപ്പെടുന്ന ചെലവുകൾക്കായി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനമായ Green Worms Eco-Solutions - West Hill Kozhikkode എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ഒരു ലോഡ് കയറ്റികൊണ്ട് പോകുന്നതിന് 25,000/- രൂപ എന്ന നിരക്കിൽ സ്ഥാപനവുമായി 13.11.2018 ന് കരാർ ഉടമ്പടി ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ അഞ്ചരക്കണ്ടി ബസ് സ്റ്റാന്റിലുള്ള എം.സി.എഫ്. യൂണിറ്റിൽ മാലിന്യം കെട്ടിക്കിടക്കുന്നതിന് കാരണമായിട്ടുണ്ട്. 13.11.2018ന് കരാർ ഉടമ്പടി ചമച്ചതിനു ശേഷം 2018-19 വർഷം മുഴുവനായി മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകാത്തത് കരാർ ഉടമ്പടിയുടെ ലംഘനം കൂടിയാണ്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയത് പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) പദ്ധതിയുടെ നടത്തിപ്പിനായി ആകെ വകയിരുത്തിയത് 2,00,000/- രൂപയാണ്. എന്നാൽ നാളിതു വരെയായി ചെലവ് വന്നത് 75,000/- രൂപ മാത്രമാണ്. അതായത് 3 ലോഡ് പുനഃചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾ മാത്രമാണ് ഷ്രെഡിംഗ് യുണിറ്റിലേക്ക് കയറ്റി അയച്ചത്. തുടർന്നിങ്ങോട്ടുള്ള അജൈവ മാലിന്യങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ എം.സി.എഫ്. യൂണിറ്റിൽ കെട്ടിക്കിടക്കുന്നു.

2) പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, ഗ്രാമസഭ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ ചർച്ച ചെയ്ത് രൂപീകരിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്നു മാത്രമല്ല നാമമാത്രമായ ഫണ്ട് വിനിയോഗത്തിൽ ചുരുങ്ങിപ്പോവുകയുമാണ് ഉണ്ടായത്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി , മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് ,പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ എന്നിവർ പദ്ധതി മേൽനോട്ടത്തിലും നിർവ്വഹണത്തിലും യഥാസമയം നടപടി സ്വീകരിക്കാത്തതിനാലാണ് പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കാതെ പരാജയപ്പെടാനിടയായത്.

3) പുനഃചംക്രമണത്തിന് സാധ്യതയില്ലാത്ത അജൈവ മാലിന്യങ്ങൾ ഷ്രെഡിംഗ് യുണിറ്റിലേക്ക് കയറ്റി അയക്കുന്നതിന് കരാർ എടുത്ത Green Worms Eco-Solutions - West Hill Kozhikkode എന്ന സ്ഥാപനം മാലിന്യങ്ങൾ കയറ്റി കൊണ്ട് പോകുമെന്ന് പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ ലംഘിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ കമ്പനിക്കെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കുന്നതിൽ കാണിച്ച അലംഭാവവും പദ്ധതി പരാജയപ്പെടുന്നതിന് ഇടയാക്കി. മേൽ അപാകതകൾ സംബന്ധിച്ച് പദ്ധതി നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.22) വി.ഇ.ഒ. ഹാജരാക്കിയ മറുപടിയിൽ പദ്ധതി

പരാജയപ്പെടാനുണ്ടായ സാഹചര്യം സ്പഷ്ടീകരിക്കുന്നുണ്ടെങ്കിലും ആയതിനാധാരമായ തെളിവ് രേഖകൾ ഹാജരാക്കാൻ വി.ഇ.ഒ. ക്ക് സാധിച്ചിട്ടില്ല.

# 1-26 കിണർ റീ ചാർജ്ജിംഗ് - ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തു.

ഗ്രാമ പഞ്ചായത്തിൽ എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രോജക്ടാണ് കിണർ റീ ചാർജ്ജിംഗ് എന്ന പദ്ധതി. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കിണർ റീ ചാർജ്ജിംഗ് |
| പ്രോജക്ട് നം | 25/2018-19 |
| അടങ്കൽ | 2,15,000/-<br>1,39,400/- തനത് ഫണ്ട്<br>75,600/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 75,600/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>30,150/-തനത് ഫണ്ട് |
| ബിൽനം | 2/18-19–08.11.2018-75,600/-<br>ചെക്ക് നം. 6064998/ 18.3.2019-22,150/-<br>ചെക്ക് നം. 6065000/ 28.3.2019-8,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ. ഒ.പട്ടുവിലായി |

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലെ ഗ്രാമ സഭ വഴി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ മുൻഗണനാക്രമമനുസരിച്ച് ഒരു ഗുണഭോക്താവിന് 8,600/- രൂപ എന്ന നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ആകെ 25 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് രൂപീകരിച്ച പദ്ധതിക്ക് 116 പേരടങ്ങുന്ന ഒരു ഗുണഭോക്തൃ പട്ടികയും, 24 പേരടങ്ങുന്ന മറ്റൊരു

ഗുണഭോക്തൃ പട്ടികയും ഉണ്ടാക്കിയിട്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് (30.06.18ലെ 1/18 പഞ്ചായത്ത് തീരുമാന പ്രകാരവും 27.10.18ലെ 4/18 പഞ്ചായത്ത് തീരുമാന പ്രകാരവും).

2) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനാധാരമായ യോഗ്യതാ മാനദണ്ഡത്തിന്റെ മുൻഗണനാക്രമമനുസരിച്ച് ഗുണഭോക്തൃ പട്ടികയിൽ മാർക്ക് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഈ ഗുണഭോക്തൃ പട്ടിക ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തിയത് അർഹതപ്പെട്ടവർക്ക് ആനുകൂല്യം നിഷേധിക്കുന്നതിന് കാരണമായേക്കാവുന്നതാണ്.

3) 2018-19 വർഷം കിണർ റീചാർജ്ജിങ്ങിനായി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമം താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | പേര് | ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമ നമ്പർ | നൽകിയ ആനുകൂല്യ തുക |
|---|---|---|---|
| 1 | ടി.കെ ശൈലജ | 15 (ഗുണഭോക്തൃപട്ടിക11) | 8000/- |
| 2 | സഹദേവൻ .കെ | 49 (ഗുണഭോക്തൃപട്ടിക 1) | 8600/- |
| 3 | ഭാസ്കരൻ | 12 (ഗുണഭോക്തൃപട്ടിക 1) | 8600/- |
| 4 | ചക്യത്ത് ലക്ഷ്മണൻ | 16 (ഗുണഭോക്തൃപട്ടിക11) | 8600/- |
| 5 | ശശി .കെ | 81 (ഗുണഭോക്തൃപട്ടിക 1) | 8000/- |
| 6 | ബാലൻ .ടി | 53 (ഗുണഭോക്തൃപട്ടിക 1) | 8600/- |
| 7 | പ്രസാദ് അലോകൻ | 4 (ഗുണഭോക്തൃപട്ടിക11) | 8600/- |
| 8 | പദ്മനാഭൻ നമ്പ്യാർ | 2 (ഗുണഭോക്തൃപട്ടിക 1) | 8600/- |
| 9 | പി.കെ ജനാർദ്ദനൻ | 111 (ഗുണഭോക്തൃപട്ടിക 1) | 8600/- |
| 10 | രാഘവൻ.എൻ | 82 (ഗുണഭോക്തൃപട്ടിക 1) | 4950/- |
| 11 | മിനി .എം.കെ | 14 (ഗുണഭോക്തൃപട്ടിക11) | 8000/- |

| | | | |
|---|---|---|---|
| 12 | കാർത്യായനി .പി | 56 (ഗുണഭോക്തൃപട്ടിക 1) | 8600/- |
| 13 | വേണുഗോപാലൻ | 5 (ഗുണഭോക്തൃപട്ടിക11) | 8000/- |

മുകളിൽ ചേർത്ത പട്ടികയിൽ ചൂണ്ടിക്കാണിച്ചതു പോലെ ഗുണഭോക്തൃ പട്ടികയിൽ മുൻഗണനാക്രമം പാലിക്കാതെയാണ് ആനുകൂല്യം വിതരണം നടത്തിയത് എന്ന് വ്യക്തമാണ്. മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തപ്പോൾ ഗുണഭോക്തൃപട്ടികയിലെ മുൻഗണനയുള്ളവരിൽ നിന്ന് നിരാക്ഷേപ പത്രം വാങ്ങാതെയാണ് ഗുണഭോക്തൃപട്ടികയിലെ പിൻനിരയിലുള്ളവർക്ക് ആനുകൂല്യം നൽകിയത്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 20)നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതിന് വ്യക്തത കൈവരുത്തുവാൻ വി.ഇ.ഒ. ക്ക് കഴിഞ്ഞിട്ടില്ല. ഭാവിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം - പദ്ധതി നിർവ്വഹണരേഖകൾ അപൂർണ്ണം ചെലവ് തുക 5,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു

ഗ്രാമ പഞ്ചായത്തിൽ ഗ്രൂപ്പ് സംരംഭം വഴി സ്ത്രീകളെ സ്വയം തൊഴിലിന് പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രോജക്ടാണ് വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന പദ്ധതി. പദ്ധതിയുടെ നടത്തിപ്പിനായി കുടുംബശ്രീ ഗ്രൂപ്പുകളിലെ വനിതകൾ രൂപീകരിച്ച സ്വയം തൊഴിൽ സംരംഭങ്ങൾ ബാങ്കിൽ നിന്ന് ലോൺ എടുക്കുകയും തുടർന്ന് സംരംഭങ്ങൾക്ക് നൽകേണ്ട സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി നിർവ്വഹണോദ്യോഗസ്ഥൻ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം |
| പ്രോജക്ട് നം. | 38/2019 |
| അടങ്കൽ | 20,00,000/-<br>8,46,000/-വികസനഫണ്ട്<br>1,54,000/- തനത്ഫണ്ട്<br>10,00,000/-ഗുണഭോക്തൃവിഹിതം |
| ചെലവ് | 5,00,000/-വികസനഫണ്ട് |
| ബിൽ നം. | 08/18-19- 26.3.2019 |
| | |

| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ. ഒ. പാതിരിയാട് |
|---|---|

രണ്ട് ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 5,00,000/- രൂപയാണ് തൻവർഷം ചെലവഴിച്ചത് (ബിൽ നം. 08/18-19- 26.3.2019). വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന പദ്ധതിക്കായി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത് 10 വനിതകൾ അംഗങ്ങളുള്ള 'ഹാപ്പി' ജെ.എൽ.ജി ഗ്രൂപ്പിനെയും, 12 വനിതകൾ അംഗങ്ങളായിട്ടുള്ള 'ഒരുമ' ജെ.എൽ.ജി ഗ്രൂപ്പിനെയുമാണ്. ഹാപ്പി ജെ.എൽ.ജി ഗ്രൂപ്പിന് ഹെൽപ് ഡെസ്ക് കം സ്നാക്സ് ഹാൾ തുടങ്ങുന്നതിനും, ഒരുമ ജെ.എൽ.ജി ഗ്രൂപ്പിന് ഫ്ലവർ മിൽ യൂണിറ്റ് തുടങ്ങുന്നതിനും വേണ്ടിയുമാണ് യഥാക്രമം 23.03.2019, 01.01.2019 എന്നീ തീയ്യതികളിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ.യുമായി സംരംഭക ഗ്രൂപ്പിലെ അംഗങ്ങൾ കരാറിൽ ഏർപ്പെട്ടത്. സംരംഭം തുടങ്ങാൻ പാതിരിയാട് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് ഒരു സംരംഭത്തിന് 5,00,000/- രൂപ എന്ന നിരക്കിൽ ആകെ 10,00,000/-രൂപയുടെ ലോൺ ഹാപ്പി ജെ.എൽ.ജി ഗ്രൂപ്പിനും, ഒരുമ ജെ.എൽ.ജി ഗ്രൂപ്പിനും അനുവദിച്ചിട്ടുണ്ടെന്ന പാതിരിയാട് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ അറിയിപ്പിനെ തുടർന്ന് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. വികസന ഫണ്ടിൽ നിന്ന് 5,00,000/- രൂപ പിൻവലിച്ച് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുകയുണ്ടായി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) ഹാപ്പി ജെ.എൽ.ജി ഗ്രൂപ്പിനും, ഒരുമ ജെ.എൽ.ജി ഗ്രൂപ്പിനും പാതിരിയാട് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് ലോൺ അനുവദിച്ചതിന്റെ അക്കൗണ്ട് വിവരങ്ങൾ, ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഹാപ്പി ജെ.എൽ.ജി ഗ്രൂപ്പ്, ഒരുമ ജെ.എൽ.ജി. ഗ്രൂപ്പ് എന്നിവ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച സ്ഥലം, സംരംഭങ്ങൾ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ, സംരംഭങ്ങൾ പ്രവർത്തനം തുടങ്ങിയതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 23) വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 5,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-28 തെരുവുനായ നിയന്ത്രണ പരിപാടികൾ ഫലപ്രദമായി നടപ്പാക്കേണ്ടതാണ്

പതിമൂന്നാം പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി, 14-02-2018 ഖണ്ഡിക 6-2 (10) ൽ ഗ്രാമപഞ്ചായത്തുകൾ പേവിഷബാധ നിർമ്മാർജ്ജനത്തിനും തെരുവുനായകളെ നിയന്ത്രിക്കുന്നതിനും പ്രോജക്ടുകൾ നടപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പേവിഷ നിർമ്മാർജ്ജന ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുക, പേവിഷ ബാധയ്ക്കെതിരായുള്ള വാക്സിൻ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്. എന്നാൽ തെരുവുനായ നിയന്ത്രണം, പേ വിഷ

ബാധ നിർമ്മാർജ്ജനം എന്ന മേഖലയിൽ 2018-19 വർഷത്തിൽ യാതൊരു പ്രോജക്ടും നടപ്പാക്കിയിട്ടില്ല. 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 3 (1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു പ്രമേയം മൂലം നിശ്ചിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 4(1) ൽ ലൈസൻസ് നൽകുന്നതിനെ സംബന്ധിച്ചും ചട്ടം 5(1) ൽ ഈ വിധം ലൈസൻസ് എടുത്തിട്ടില്ലെങ്കിലുള്ള ശിക്ഷാ വ്യവസ്ഥകൾ സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും 25 നായകൾക്ക് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ വെറ്റിനറി സർജ്ജൻ ഓഡിറ്റ് അന്വേഷണകുറിപ്പിന് (1/2018-19 തീയതി 24.08.2019) ലഭ്യമാക്കിയ മറുപടി അനുസരിച്ച് മൃഗാശുപത്രിയിൽ നിന്നും 200 വളർത്തു നായകൾക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ വളർത്തു നായകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പേവിഷബാധ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വാക്സിനേഷന് മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. പൊതു ജനങ്ങൾ ലഭ്യമാക്കുന്ന വാക്സിൻ ഉപയോഗിച്ചാണ് ഇപ്പോൾ വാക്സിനേഷൻ നൽകി വരുന്നത്. തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് എ.ബി.സി പ്രോജക്ട് നടപ്പാക്കുന്നതിലേക്ക് ജില്ലാ പഞ്ചായത്തിന് ₹2,00,000 നൽകിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. തെരുവുനായയുടെ അക്രമണത്താൽ പരിക്കുപറ്റിയ വ്യക്തികൾക്ക് ഗ്രാമപഞ്ചായത്ത് നഷ്ടപരിഹാരം നൽകണമെന്നുള്ള കോടതി വിധികൾ നിലവിലുള്ള സാഹചര്യത്തിൽ ഈ മേഖലയിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മുഴവൻ വളർത്തു നായകൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനും, വാക്സിനേഷന് മരുന്നുകൾ ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയില്ല

ചീഫ് എഞ്ചിനീയറുടെ ഡി.ബി.3/4620/12സി.ഇ, ത.സ്വ.ഭ.വ തീയതി, 18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും , സ.ഉ ( സാധാ) നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16 ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട്, മെയ്റ്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റി വെച്ച് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ നം. ഡി.ബി3-4620/2012/സി.ഇ.തസ്വഭ.വ തീയതി, 02.02.2018, ചീഫ് എഞ്ചിനീയറുടെ നം. ഡി.ബി3-4620/2012/ സി.ഇ.തസ്വഭ.വ തീയതി, 26.11.2018, എന്നീ ഉത്തരവുകളിലൂടെ 2018-19 വർഷം മുതൽ റോഡ് പ്രവൃത്തികളിൽ Shredded plastic ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പ്രവർത്തികളുടെ ശതമാനം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം 2018-19 ൽ ആകെ റോഡ് താറിംഗ് പ്രവൃത്തികളുടെ പ്രോജക്ടിൽ 25% പ്രവൃത്തികൾക്ക് Shredded plastic ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അനുദിനം വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഇതു മൂലം ലക്ഷ്യമിടുന്നുണ്ട്. ക്ലീൻ

കേരള കമ്പനിയുടെ നേതൃത്വത്തിൽ വിവിധ ഗ്രാമപഞ്ചായത്തിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് യുണിറ്റുകളാക്കി റോഡ് പ്രവൃത്തികൾക്ക് ഉപയാഗിച്ചു വരുന്നുണ്ട്. കൂടുതൽ ഈടു നിൽക്കുന്നതോടൊപ്പം മാലിന്യ സംസ്കരണമെന്ന ലക്ഷ്യം നേടുന്നതിനും ഇതു മൂലം സാധിക്കുന്നതാണ്. എന്നാൽ 2018-19 ൽ 78 റോഡ് ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും ഈ പ്രവൃത്തിയിലൊന്നും ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല. ഇതു സംബന്ധിച്ച പ്രോജക്ടുകളൊന്നും തയ്യാറാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.3/18-19 തീയതി, 24-8-2019) ന് ലഭ്യമാക്കിയ മറുപടിയിൽ 2018-19 ൽ പ്രോജക്ട് നം. 126/19 ചാമ്പാട് ഊർപ്പള്ളി വേങ്ങാട് റോഡ് റീ ടാറിംഗ് പ്രവൃത്തിയിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുവാൻ തീരുമാനിച്ചതായും എന്നാൽ പ്രസ്തുത പ്രവൃത്തി 2019-20 ലേക്ക് സ്പിൽ ഓവറായി നിർവ്വഹിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നുണ്ട്. ഇവ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളാക്കി മാറ്റി റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

# 1-30 ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് - ക്ഷീരവികസന വകുപ്പിൽ നിന്നുള്ള ധനസഹായം ലഭ്യമായില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 96/18-19 | | |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് | | |
| അടങ്കൽ | ₹13,78,928 | | |
| ചെലവ് | ₹12,03,945 | | |
| | ബിൽ നം. തീയതി | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
| ബിൽ നമ്പർ | 1/18-19 തീയതി 31-12-18 | ₹2,13,315 | 87 |
| | 2/18-19 തീയതി 29-12-18 | ₹105959 | 38 |
| | 4/18-19 | ₹2,49,782 | 119 |

| | | | |
|---|---|---|---|
| | തീയതി 29-12-18 | | |
| | 7/18-19 തീയതി 26-12-18 | ₹2,18,845 | 42 |
| | 8/18-19 തീയതി 19-3-19 | ₹2,16,044 | 147 |
| | ബ്ലോക്ക് വിഹിതം | ₹2,00,000 | 140 |
| | ആകെ | ₹12,03,945 | 573 |

വേങ്ങാട് ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം പഞ്ചായത്തിലെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് ₹3 നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് ഈ പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിനായി 2018-19 വർഷത്തിൽ ₹12,03,945 ചെലവഴിച്ചിട്ടുണ്ട്. പാതിരിയാട് ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്കാണ് ഈയിനത്തിൽ ആനുകൂല്യം നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/2018/ തസ്വഭവ, തിരുവനന്തപുരം, തീയതി, 14-02-2018 ഖണ്ഡിക 6-2 (8) പ്രകാരം ക്ഷീര സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പ് അനുവദിക്കുന്ന തുക ഉൾപ്പെടെ ലിറ്ററിന് ₹4 നിരക്കിലാണ് ബോണസ് നൽകേണ്ടത്. എന്നാൽ ക്ഷീര വികസന വകുപ്പിൽ നിന്നുള്ള ധനസഹായം ലഭിച്ചിട്ടില്ല. പ്രസ്തുത തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷീരസംഘങ്ങളിൽ നിന്നും പാൽ അളക്കുന്ന കർഷകരുടെ ലിസ്റ്റ് അടിസ്ഥാനമാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തിരം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത് .ഈ വിധം നിക്ഷേപിച്ച തുക ബന്ധപ്പെട്ട കർഷകരുടെ അക്കൗണ്ടിൽ എത്തി എന്ന് ഉറപ്പു വരുത്തുന്നതിന് ഗുണഭോക്താക്കളുടെ തുക വരവ് വെച്ചിട്ടുള്ള അക്കൗണ്ട് രേഖകളുടെ പകർപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വികസന സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായി ഇടപെടേണ്ടതാണ്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ഗവൺമെന്റിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെയും സബ്സിഡികളെയും കുറിച്ചുള്ള വിവരങ്ങൾ നൽകേണ്ടതും അർഹമായ ഗുണഭോക്താക്കൾക്ക് ഇവ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പ്രോജക്ട് - മോണിറ്ററിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ | |
|---|---|
| | |

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/19 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടിപരിപാലനം |
| അടങ്കൽ | ₹2,50,000<br>വികസന ഫണ്ട് |
| ചെലവ് | ₹2,50,000 |
| ബിൽ നമ്പർ | 3/18-19/10-4-2018 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 2018-19 വർഷത്തിൽ 40 ഗുണഭോക്താകൾക്ക് ആനുകൂല്യം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി ₹6250 വീതം ആകെ ₹2,50,000 എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ കാലിതീറ്റ വിതരണം ചെയ്യുന്നത് പാതിരിയാട് ക്ഷീരോല്പാദന സഹകരണ സംഘത്തിൽ നിന്നാണ്. 2016-17 മുതൽ 2018-19 വരെയുള്ള ഈ പ്രോജക്ട് ഗുണഭോക്താക്കളുടെ വിവരങ്ങൾ, കാലിത്തീറ്റ വിതരണം തുടങ്ങിയവ എസ്.എൽ.ബി.പി. രജിസ്റ്ററുമായി പരിശോധിച്ചതിൽ 2016-17, 2017-18, 2018-19 കാലയളവിൽ ഈ പ്രോജക്ടിലെ ഗുണഭോക്താക്കളിൽ എല്ലാവരും കൃത്യമായി കാലിത്തീറ്റ കൈപ്പറ്റുന്നതായി കാണുന്നില്ല. ഈ പ്രോജക്ടിൽ എൻറോൾ ചെയ്ത ഗുണഭോക്താക്കളുടെ കന്നുകുട്ടി നിലവിലുണ്ടോ എന്നത് സംബന്ധിച്ച പരിശോധന നടക്കുന്നില്ല. ഈ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഗുണനിലവാരത്തിലും, കൃത്യമായ അളവിലും കാലിതീറ്റ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കാലിത്തീറ്റ വിതരണം നടത്തുന്നതിൽ വെറ്റിനറി ഓഫീസിന്റെ മേൽനോട്ടം ഉണ്ടാവേണ്ടതുണ്ട്. വിവിധ പദ്ധതി കാലയളവിലും കാലിത്തീറ്റ വിതരണം നടത്തുന്നത് ഒരേ സ്ഥാപനമായതിനാൽ ഏത് വർഷത്തെ പ്രോജക്ടിന്റെ ഭാഗമായ ആനുകൂല്യമാണ് ലഭിക്കുന്നത് എന്ന് ഗുണഭോക്താവിന് ബോധ്യപ്പെടുന്ന വിധത്തിൽ ഓരോ വർഷത്തെയും കാലിത്തീറ്റ വിതരണ വിവരം ഗുണഭോക്താവിന്റെ കൈവശത്തിലെ പാസ് ബുക്കിൽ പ്രത്യേകം രേഖപ്പെടുത്തുന്നുണ്ട് എന്ന് പരിശോധിക്കേണ്ടതാണ്. എൻറോൾ ചെയ്ത ഗുണഭോക്താക്കളിൽ വിവിധ കാലയളവിൽ കന്നുകുട്ടി മരിച്ച പോയത് കാരണമോ, വില്പന നടത്തിയത് മൂലമോ പദ്ധതി വിട്ടു പോയിട്ടുണ്ടെങ്കിൽ അത്തരം ഗുണഭോക്താക്കളുടെ വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതും, ഇത്തരം ഗുണഭോക്താകളുടെ പേരിൽ എസ്.എൽ.ബി.പി. പ്രോജക്ട് അക്കൗണ്ടിൽ അധികമായി കിടക്കുന്ന തുക തിരികെ ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

## 1-32 ബഡ്സ് സ്കൂൾ പ്രവർത്തനം- കാര്യക്ഷമമാക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി | |
|---|---|
| പ്രോജക്ട് നമ്പർ | 18/18-19 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്പെഷൽ സ്കൂൾ പ്രവർത്തനം കാര്യക്ഷമമാക്കൽ |

| | |
|---|---|
| അടങ്കൽ | ₹13,91,726 |
| ഫണ്ട് | ₹7,71,834 തനത് |
| | ₹5,00,000 ബ്ലോക്ക് വിഹിതം |
| | ₹1,19,892 മറ്റുള്ളവ |
| ചെലവ് | ₹13,91,726 |

ഗ്രാമപഞ്ചായത്തിൽ 2008 മുതൽ പ്രവർത്തിച്ച വരുന്ന ബഡ്സ് സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 2018-19 വർഷത്തിൽ ₹13,91,726 ചെലവഴിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, വാഹന ചെലവ് എന്നിവയ്ക്കാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്. ബഡ്സ് സ്കൂളിൽ എം.ആർ വിഭാഗത്തിൽ 18 കുട്ടികളും, സെറിബ്രൽ പാൾസി വിഭാഗത്തിൽ 4 കുട്ടികളും, ഓട്ടിസം വിഭാഗത്തിൽ 2 കുട്ടികളും, മൾട്ടിപ്പിൾ ഡിസബിലിറ്റി വിഭാഗത്തിൽ ഒരു കുട്ടിയും ഉൾപ്പെടെ ആകെ 25 കുട്ടികളാണുള്ളത്. കുട്ടികൾക്കാവശ്യമായ ഉച്ചഭക്ഷണ ചെലവിനുള്ള സാധനങ്ങൾ എ.ഇ.ഒ ഓഫീസ് വഴിയാണ് ലഭിക്കുന്നത്. ബഡ്സ് സ്കൂളിന്റേതായുള്ള മിനി ബസ്സ് പലപ്പോഴും തകരാറാവുന്നതായും ഈയിനത്തിൽ മാത്രം തൻ വർഷം ₹85,440 ചെലവഴിച്ചിട്ടുള്ളതായും കാണുന്നു. വാഹനത്തിന്റെ കാലപ്പഴക്കമാണ് ഇത്തരം തകരാറിന് കാരണമായി ചൂണ്ടിക്കാട്ടിയിട്ടുള്ളത്. പൊതുമേഖല സ്ഥാപനങ്ങളുടെ പൊതു നന്മാ ഫണ്ടിൽ നിന്നും ഈയിനത്തിൽ ഫണ്ട് ലഭ്യമാവുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്. ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങളുടെ പുതുക്കിയ മാർഗ്ഗരേഖയിൽ (എം.എസ്.നം.20/2018/ത.സ്വ.ഭ.വ തീയതി, 07-02-2018) നിഷ്കർഷിച്ച വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കേണ്ടതാണ്. കുട്ടികളുടെ ഉച്ചഭക്ഷണത്തിന് എ.ഇ.ഒ മുഖേന ലഭ്യമാക്കുന്ന ഫണ്ട് തികയാത്ത സാഹചര്യമുണ്ടെന്ന് ഓഡിറ്റ് മുൻപാകെ വിശദീകരിക്കുകയുണ്ടായി. ഇതിനും പരിഹാരം കണ്ടെത്തേണ്ടതാണ്.

## 1-33 വേങ്ങാട് തെരു സൊസൈറ്റി റോഡ് ടാറിംഗ്- നികുതി ഈടായാക്കിയതിൽ കുറവ്

| നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ | |
|---|---|
| പ്രോജക്ട് നമ്പർ | 177/19 |
| പ്രോജക്ടിന്റെ പേര് | വേങ്ങാട് തെരു സൊസൈറ്റി റോഡ് ടാറിംഗ് |
| അടങ്കൽ | ₹ 6,82,000 തനത് ഫണ്ട് |
| ചെലവ് | ₹ 3,91,781 |
| ചെക്ക് നം. | 1823147 തീയതി, 19-1-2018 |
| എഗ്രിമെന്റ് തീയതി | 49/2016-17 തീയതി,21-01-2017 |
| കരാറുകാരൻ | പിണറായി എംപ്ലോയിസ് കോ |

| | |
|---|---|
| | ഓപ്പറേറ്റീവ് സൊസൈറ്റി |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 26-05-2017 |
| എം.ബുക്ക് | 51/16-17 |

26-05-2017 ന് പൂർത്തിയാക്കി ചെക്ക് മെഷർ ചെയ്ത ഈ പ്രവൃത്തിയുടെ ബിൽ നൽകുന്നതിനാണ് 2018-19 വർഷത്തിൽ 177/19 നമ്പറായി ഈ പ്രോജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. കരാറുകാരന് തുക നൽകാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമല്ല. ഈ പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തിയായി അളവ് രേഖപ്പെടുത്തിയത് 27-05-2017 തീയതിയിലാണ് (എം.ബുക്ക് 51 /16-17 പേജ് നം. 15). പ്രവൃത്തിയുടെ മൂല്യം എം. ബുക്കിൽ രേഖപ്പെടുത്തിയത് ചുവടെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - ₹400114

ഫൈൻ - ₹5953

ബാരൽ വില - ₹2380

-------------

= ₹3,91,781

റിക്കവറികൾ ആകെ - ₹19578

ആദായ നികുതി - ₹8002

കരാറുകാരന് നൽകിയ തുക – ₹3,72,203

ക്ഷേമനിധി - ₹4001

സി.ജി.എസ്.ടി - ₹3573

എസ്.ജി.എസ്.ടി - ₹3574

ജി.എസ്.ടി താർ ബാരൽ - ₹429

ആകെ റിക്കവറികൾ - ₹19578

---------

സ.ഉ.(അച്ചടി) നം.87/2017/തസ്വഭവ തീയതി, 01-11-2017 ഉത്തരവ് പ്രകാരം 30-06-2017 ന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കി എം.ബുക്കിൽ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.ടി ബാധകമല്ല. പ്രസ്തുത പ്രവൃത്തികൾക്ക് വാറ്റ് നികുതിയാണ് ബാധകം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

# 1-34 മരാമത്ത് പ്രവൃത്തികളുടെ തുടർ പരിശോധന

## നടത്തി കരാർ കാലാവധിക്കുള്ളിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പ് നം.54044/ഡി.സി.3/2013 തീയതി 09-09-2013 സർക്കുലർ അനുസരിച്ച് റോഡ് നിർമ്മാണ പ്രവൃത്തി നിർവ്വഹിച്ചതിനുശേഷം റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അതേ കരാറുകാരന്റെ ചെലവിൽ തന്നെ കേടുപാടുകൾ തീർക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓരോ നിർമ്മാണവും സംബന്ധിച്ച Defect Liability Period ൽ സംഭവിക്കുന്ന അറ്റകുറ്റപണികളാണ് ഇതു പ്രകാരം നിർവ്വഹിക്കേണ്ടത്. ഓരോ പദ്ധതി വർഷത്തിലും നിർവ്വഹിക്കപ്പെട്ട മരാമത്ത് പ്രവൃത്തികൾ മോണിറ്ററിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ പരിശോധിച്ച് പ്രവൃത്തിയിൽ കണ്ടെത്തുന്ന പോരായ്മകൾ കരാർ കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട കരാറുകാരനെ കൊണ്ട് നിർവ്വഹിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 എസ്.സി. വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നമ്പർ | 46/19 |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹2,35,000 വികസന ഫണ്ട് |
| ചെലവ് | ₹2,35,000 |
| ബിൽ നമ്പർ | 187/18-19 തീയതി, 25.01.2019 |

മേൽപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട എസ്.സി. വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് അർഹമായ സ്കോളർഷിപ്പ് ലഭ്യമാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഈയിനത്തിൽ 15 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഈയിനത്തിൽ ₹2,35,000 ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾ വിവിധ കോഴ്സുകൾ പഠിച്ച് വരുന്നതായാണ് രേഖകൾ പ്രകാരം കാണുന്നത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (2018-19, 2021-22) സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14-02-2018 ഖണ്ഡിക 7-2-5 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകൾക്കും യോഗ്യത നേടി പഠനം നടത്തി വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി വിദ്യാർത്ഥികളുടേയും കോഴ്സുകളുടേയും

വർഷവും, വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 നിലവിലില്ലാത്ത വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്.

തെരുവുവിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ₹63389 പ്രതിമാസം ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. തെരുവു വിളക്ക് സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന തരം വിളക്കുകളാണ് നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | വിളക്കുകളുടെ തരം | എണ്ണം |
|---|---|---|
| 1 | Ordinary Bulb 40w | 40 |
| 2 | Ordinary Bulb 60 w | 7 |
| 3 | SVL 250 W | 4 |
| 4 | Tube light (2x 40W) | 22 |
| 5 | Tube light (1x 40W) | 525 |
| 6 | CFL | 238 |
| 7 | LED bulb | 525 |
| | ആകെ | 1361 |

മേൽ പത്രിക പ്രകാരം 47 സാധാരണ ബൾബുകൾ ഉൾപ്പെട്ടതായി കാണിച്ചിട്ടുണ്ട്. 23-07-2018 ൽ നടത്തിയ സംയുക്ത പരിശോധനയിൽ 47 ഓർഡിനറി വിളക്കുകൾ യഥാർത്ഥത്തിൽ ഇല്ലാത്തതാണെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ആയത് പട്ടികയിൽ നിന്നും ഒഴിവാക്കാതെ ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഒടുക്കി വരികയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഓർഡിനറി വിളക്കുകൾ നീക്കം ചെയ്യുന്നതിന് കെ.എസ്.ഇ.ബി അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് അറിയിച്ചത്. വിളക്കുകൾ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതോടൊപ്പം അനർഹമായി കെ.എസ്.ഇ.ബി. ഈടാക്കിയ തുക തിരികെ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 തെരുവുവിളക്ക്- റിപ്പയർ കരാർ- തുക അനുവദിക്കൽ-സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : എസ്. ഒ. 47 /18-19

പ്രോജക്ടിന്റെ പേര് : തെരുവുവിളക്ക് റിപ്പയർ

അടങ്കൽ : ₹ 2,84,000 (തനത് ഫണ്ട്)

ചെലവ് തുക : ചെക്ക് നം.0252737 തീയതി, 2-3-2019 -₹ 71100

ആകെ : ₹ 71100

ഗ്രാമപഞ്ചായത്തിന്റെ 21 വാർഡുകളിലെ തെരുവുവിളക്കുകളുടെ റിപ്പയറിംഗ് നടത്തുന്നതിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഈ പ്രവർത്തനത്തിന് വേണ്ടി ടെണ്ടർ നടപടികളിലൂടെ കരാറുകാരെ തിരുമാനിച്ച് കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് കരാർ നൽക്കുകയാണ് ചെയ്യുന്നത്. ഇതു പ്രകാരം ശ്രീലേഷ്.സി എന്ന വ്യക്തിക്കാണ് കരാർ നൽകിയിട്ടുണ്ട് . ആകെയുള്ള അടങ്കൽ തുകയായ ₹2,84,000ൽ റിപ്പയർ പ്രവൃത്തി നടത്തിയ ഇനത്തിൽ ആദ്യ ഗഡുവായി പാർട്ട് ബിൽ പ്രകാരം ₹71100 ണ് 2018-19 വർഷം ചെലവഴിച്ചിട്ടുള്ളത്. ഈ തുകയിൽ നികുതികൾ കുറച്ച് (₹2133) ₹69,119 കരാറുകാരന് നൽകിയിട്ടുണ്ട്.

ഈ കാലയളവിൽ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച വാർഡ് മെമ്പർ സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരം ഒരു വിളക്ക് റിപ്പയർ ചെയ്യുന്നതിന് ₹ 400 ആണ് നിരക്ക്. തെരുവു വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15-09-2011 തീയതിയിലെ നം.3055/ഡി.എ.3/2011 സർക്കുലറിൽ നിർദ്ദേശിച്ച വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയാണ് തെരുവു വിളക്കുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമുള്ള കരാർ നടപ്പാക്കേണ്ടത്. പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ച വിധം താഴെപറയുന്ന രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1. വിളക്കുകളുടെ തകരാർ റിക്കാർഡ് ചെയ്യുന്ന പരാതി രജിസ്റ്റർ

2. റിപ്പയർ രജിസ്റ്റർ.

# 1-38 സ്നേഹ സാന്ത്വനം പെയിൻ & പാലിയേറ്റീവ് പരിചരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC

പ്രോജക്ട് നമ്പർ : 49/18-19

പ്രോജക്ടിന്റെ പേര് : സ്നേഹ സാന്ത്വനം പെയിൻ & പാലിയേറ്റീവ് പരിചരണം (സ്പർശം)

വകയിരുത്തിയ തുക : ₹11,00,000

ചെലവ് : ₹8,14,797

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനക്ഷേമകരമായി നടത്തപ്പെടുന്ന സുപ്രധാനമായ പ്രോജക്ടാണ് സാന്ത്വന പരിചരണം. ഈ പ്രോജക്ടിന്റെ ചെലവിലേക്ക് 2018-19 വർഷത്തിൽ ₹11,00,000 അടങ്കലുള്ള പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ഇതിൽ ₹8,14,797യാണ് ചെലവഴിച്ചിട്ടുള്ളത്. സ്നേഹ സാന്ത്വനം പെയിൻ & പാലിയേറ്റീവ് പരിചരണം (സ്പർശം) എന്ന പ്രോജക്ടിന്റെ അനുബന്ധ ചെലവുകൾക്കാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് വിഭാഗത്തിൽ 156 പേർക്കാണ് പരിചരണം നൽകുന്നത്. തുടർപരിചരണം ആവശ്യമായതും അല്ലാത്തതുമായ രോഗികളുടെ പരിചരണാർത്ഥം 2018-19 കാലയളവിൽ ഒരോ മാസവും 16 വീതം ഹോം വിസിറ്റ് നടത്തിയിട്ടുണ്ട്. പരിചരണരോഗികൾക്ക് കാരുണ്യ ഫാർമസി വഴി മരുന്നുകൾ ലഭ്യമാക്കി വരുന്നുണ്ട്. കിടപ്പ് രോഗികളിൽ ഏറ്റവും അർഹരായ 38 പേർക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്തു വരുന്നുമുണ്ട്. സാന്ത്വന ചികിത്സാവിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും അവരുടെ രോഗാവസ്ഥയ്ക്ക് അടിസ്ഥാനമായ തുടർചികിത്സ ഉറപ്പു വരുത്തുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതോടൊപ്പം ഫിസിയോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഹോം വിസിറ്റ് ദിവസങ്ങൾ പരമാവധി വർദ്ധിപ്പിച്ച് ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-39 വാഹനത്തിന്റെ ഇൻഷൂറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്

പഞ്ചായത്ത് വാഹനമായ KL.58 J-8181 ഗുഡ്സ് ഓട്ടോ ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. ഈ ഇനത്തിൽ 2018-19 വർഷം വൗച്ചർ നമ്പർ 21800543/28-09-2018 പ്രകാരം ₹6781 ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ജി.ഒ.(പി)നം.819/2000/ ഫിൻ. ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണത്തിന് (നമ്പർ 21/27.08.2019) മറുപടിയായി ഭാവിയിൽ മേൽ വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന മാത്രമേ നടത്തുകയുള്ളൂ എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് ഉറപ്പു വരുത്തുന്നതിലേക്കായി ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരുന്നു.

## 1-40 കൃഷിഭവനിൽ കമ്പ്യൂട്ടർ , യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമാക്കിയില്ല- ₹103791 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നം. 130/2018-19

വകയിരുത്തിയ തുക : 1,00,000/- (മെയിന്റനൻസ് (Non-road) 4000/- (തനതു ഫണ്ട്)

ചെലവഴിച്ച തുക : 1,03,791/- (Plan Fund 1,00,000/- Own fund 3,791/-)

ബിൽ നം. : C.B.(P)11/2018-19 തീയതി:22.3.2019

കമ്പ്യൂട്ടർ ഒന്നിന് 41,254/- രൂപയും ഫോട്ടോസ്റ്റാറ്റ് മെഷീന് 62,746/- രൂപയും നിരക്കിൽ ഒരു കമ്പ്യൂട്ടർ, ഒരു ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ കെൽട്രോണിൽ നിന്നും വാങ്ങുവാനാണ് തീരുമാനിച്ചിരുന്നത്. ആയതിലേക്കായി ബിൽ നമ്പർ C.B.(P)11/2018-19 തീയതി:22.3.2019 പ്രകാരം മെയിൻറനൻസ് ഗ്രാൻറ് (Non-road) ൽ നിന്നും 1,00,000/- രൂപയും തനതു ഫണ്ടിൽ നിന്നും 25.3.2019 ന് 3,791/- രൂപയും കെൽട്രോണിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെയായും കെൽട്രോണിൽ നിന്നും ആവശ്യപ്പെട്ട സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/29/8/2019) മറുപടിയായി കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്ക് ഓർഡർ അടുത്ത സാമ്പത്തിക വർഷമായ 2019 ഏപ്രിൽ മാസമാണ് ജനറേറ്റ് ചെയ്യാൻ കഴിഞ്ഞതെന്നും പദ്ധതി ആവിഷ്കരിച്ച കാലയളവ് പൂർത്തിയായതിനാൽ 2019 ജൂലൈ മാസത്തിന് ശേഷം മാത്രമേ ഇവ വാങ്ങുന്നതിനുള്ള ഓർഡർ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ഉപകരണങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 1,03,791/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-41 കാടുവെട്ടു യന്ത്രം വാങ്ങിയതിലെ അപാകങ്ങൾ - 3,87,090/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 207/19

പ്രോജക്ടിന്റെ പേര് : കാടുവെട്ടു യന്ത്രം വാങ്ങൽ (വനിതാ ഗ്രൂപ്പുകൾക്ക്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

വകയിരുത്തിയ തുക : 4,39,200/- (വികസന ഫണ്ട് :3,95,000/-, ഗുണഭോക്തൃ വിഹിതം : 44,200/-)

ചെലവഴിച്ച തുക : 3,87,090/- (വികസന ഫണ്ട്)

ബിൽ നം. C.B.(P) 9/18-19 തീ:25.1.2019

മേൽ പ്രോജക്ട് പ്രകാരം 17 കുടുംബശ്രീ യൂണിറ്റുകൾക്ക് യന്ത്രം ഒന്നിന് സബ്സിഡിയായി 22,770/- പ്രകാരം 17 എണ്ണത്തിന് 3,87,090/- രൂപ RAIDCO വിന് അനുവദിച്ചിട്ടുണ്ട്. (ബിൽ നം.CB(P)9/18-19 തീ:25.1.2019). എന്നാൽ പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് ഗ്രാമ സഭയാണ്. എന്നാൽ മേൽ പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃപട്ടിക നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല.

2) ഗ്രാമസഭയ്ക്കു മുമ്പോ ഗ്രാമസഭ കൂടുമ്പോഴോ അപേക്ഷാ ഫോറം വിതരണം ചെയ്ത് അർഹരായവരെ കണ്ടെത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്ടിന് ആരും അപേക്ഷ ഹാജരാക്കിയതായി കാണുന്നില്ല.

3) 13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ കർഷക സംഘങ്ങൾക്കാണ് ആനുകൂല്യം നൽകേണ്ടതെങ്കിലും കുടുംബശ്രീ വനിതാ ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നൽകിയത്.

4) യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നുമുള്ള കരാർ ചമക്കേണ്ടതാണെങ്കിലും അപ്രകാരം കരാർ ചമച്ചതായി കാണുന്നില്ല.

5) ഇൻഷൂറൻസ്, രജിസ്ട്രേഷൻ എന്നിവ ഉൾപ്പെടെയുള്ള തുക കണക്കിലെടുത്തു വേണം യൂണിറ്റ് കോസ്റ്റ് കണക്കാക്കാനെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 28/29.08.2019) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 3,87,090/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08-07-2019 മുതൽ 11-07-2019 വരെ | നം.കെ.എസ്.എ/ കെ.എൻ.ആർ. സി.7/ 1236/2019 തീയതി 16-08-2019. |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 3709022 | പ്രാരംഭ ബാക്കി | | 3709022 |
| | | 100000 | ഉല്പാദന ബോണസ് 96/19 | 100000 | 0 |
| | | 275000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 3/19 | 210150 | 64850 |
| | | 500000 | ബഡ്സ് സ്കൂൾ പ്രവർത്തനം കാര്യക്ഷമമാക്കൽ 18/19 | 500000 | 0 |
| | | 411230 | ലൈഫ് ഭവന പദ്ധതി 24/19 | 321476 | 89754 |
| | | 100000 | സ്നേഹസാന്ത്വനം-പെയിൻ & പാലിയേറ്റീവ് പരിചരണം 49/19 | 28391 | 71609 |
| | | 10000 | ക്യാൻസർ നിർണ്ണയ ക്യാമ്പ് 67/19 | 9000 | 1000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 236811 | പ്രാരംഭ ബാക്കി | | 236811 |
| | | 1308560 | ലൈഫ് ഭവന പദ്ധതി 24/19 | 1189524 | 119036 |
| | | 425000 | നെൽകൃഷിക്ക് കൂലി ചെലവും, നെൽ വിത്ത് വിതരണവും 45/19 | 340000 | 85000 |
| | | 100000 | സ്നേഹസാന്ത്വനം-പെയിൻ & പാലിയേറ്റീവ് | 100000 | 0 |
| | | 100000 | ഉല്പാദന ബോണസ് 96/19 | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 100000 | എസ്.സി. വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സകൾക്ക് സ്കോളർഷിപ്പ് 46/19 | 80000 | 20000 |
| | 2018-19 | 375050 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 3/19 | 375050 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭ ജലവകുപ്പ് | കുഴൽകിണർ നിർമ്മാണം പ്രോജക്ട് നം. 140/18-19 | 4250125 തീയതി, 24-4-2018 | 46000 | 118999 | വിനിയോഗിക്കാൻ ബാക്കിയുള്ള ₹ 25001 തിരിച്ചടച്ചു. |
| | -do- | 4250126 തീയതി, 24-4-2018 | 49000 | | |
| | -do- | 4250127 തീയതി 24-04-2018 | 49000 | | |
| | | ആകെ | 1,44,000 | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണം | 274/2010 | 13812500 | 1611572 | 1611572 | 0.00 | 0.00 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,12,21,307 |
| തൻവർഷം നിക്ഷേപിച്ച തുക | 9,56,763 |
| ആകെ | 1,21,78,070 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,21,78,070 |

<u>വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്പ്മെന്റ് | 17-11-2004 | - | 20,000 | ഷെയർ സർട്ടിഫിക്കറ്റ് |

| | | | | | |
|---|---|---|---|---|---|
| | കോർപ്പറേഷൻ ലിമിറ്റഡ് (സി.നം. 202) | | | | |
| 2 | വേങ്ങാട്സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് എഫ്.ഡി.നം.20870 | 7-1-2011 | ഒരു വർഷം | 660483 | ഓരോവർഷവും പുതുക്കി നിക്ഷേപിക്കുന്നു |
| 3 | വേങ്ങാട്സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് എഫ്.ഡി.നം.24313 | 5-08-2013 | ഒരു വർഷം | 3936037 | ഓരോവർഷവും പുതുക്കി നിക്ഷേപിക്കുന്നു |
| 4 | കുന്നരു സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് എഫ്.ഡി നം. 445 | 1-10-2011 | 2011-12 | 7561550 | ഓരോവർഷവും പുതുക്കി നിക്ഷേപിക്കുന്നു |
| ആകെ | | | | 12178070 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,386/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 2009-10 2010-11 | 3-26 | 4386 | പിണറായി ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി | 118040111731 തീയതി, 8-3-2019 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 58 | 2003-04 | 3-13-17 | പൊതു പരാമർശം | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2012-13 | 3-3-6-19 | പൊതു ശൗചാലയങ്ങളും ആരോഗ്യ പ്രശ്നങ്ങളും | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-6 | മണൽ വില്പനയിൽ നിന്നും വരവ്-ചെലവ് | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-10 | മണൽ പാസ് വിതരണ ത്തിലെ അപാകങ്ങൾ | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-13 | കടത്ത് കമ്മറ്റി കൺവീനർ സ്വകാര്യ വ്യക്തി | തുടരുന്നു |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70609100 |
| | | |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 90763193 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,88,881 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 98,000 | ശ്രീമതി.റംല കക്കുന്നത്ത്, ICDS സൂപ്പർവൈസർ |
| 1-27 | 5,00,000 | ശ്രീ.സാജിദ് തൈക്കണ്ടിയിൽ, വി.ഇ.ഒ |
| 1-40 | 1,03,791 | ശ്രീമതി.ഹൃദ്യ വി രജീന്ദ്രൻ, കൃഷി ഓഫീസർ |
| 1-41 | 3,87,090 | ശ്രീമതി.ഹൃദ്യ വി രജീന്ദ്രൻ, കൃഷി ഓഫീസർ |
| ആകെ | 10,88,881 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.റംല.കെ ICDSസൂപ്പർവൈസർ | ICDSസൂപ്പർവൈസർ വേങ്ങാട് ഗ്രാമപഞ്ചായത്ത് | ഇഖ വില്ല പി.ഒ.ഇളമ്പാറ, കുമ്മാനം |
| ശ്രീ. സാജിദ് തൈക്കണ്ടിയിൽ, വിഇ.ഒ | വി.ഇ.ഒ. പാതിരിയാട് | 'അയോദ്ധ്യ', മാമ്പ പി.ഒ |
| ശ്രീമതി.ഹൃദ്യ വി രജീന്ദ്രൻ | കൃഷി ഓഫീസർ വേങ്ങാട് ഗ്രാമപഞ്ചായത്ത് | ഹിമഗിരി, കല്ലുമല, മാവേലിക്കര .പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 2 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 1999-2000 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 6 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| | | | |

| | | | |
|---|---|---|---|
| 2000-2001 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 4 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| | | | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2001-02 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 2 | |
| 2003-04 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 15 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2004-05 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 23 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ. സി 7/842/2019 തീയതി, 17-7-19 | 12 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2006-07 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 10 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 2007-08 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 9 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2008-09<br>2009-10<br>2010-11 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 23 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2011-12<br>2012-13 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 18 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2013-14<br>2014-15 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 16 | 1998-99 മുതൽ 2013-14, 2014-15 വരെയുള്ള അദാലത്ത് റിപ്പോർട്ട് |
| 2015-16 | എൽ.എഫ്. കെ.എൻ.ആർ സി.9/2241/2016 തീയതി, 01-02-2017 | 7 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/.സി.7/ 1514/2017 തീയതി | 14 | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി.7/2018 തീയതി, 08-02-2019 | 21 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.കെ.എൻ.ആർ.സി7/1475/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

email: doknr.ksad@kerala.gov.in

ഫോൺ-04972 707698

തീയതി:15-11-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215 (6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22-05-2018 ലെ (സാധാ) 1413 /2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | Vengad Grama Panchayath-Receipt & payment statement for the period from 01-April-2018 to 31-March-2019 | | |
|---|---|---|---|
| Code. No. | Description of Items | Schedule No. | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 29543222.48 |
| Cash | Cash | RP-40(a) | 67473.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2005390.00 |
| 130000000 | Rental income from Panchayat Properties | RP-3 | 43109.00 |
| 140000000 | Fees & User Charges | RP-4 | 1426809.00 |
| 150000000 | Sale & Hire Charges | RP-5 | 190183.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50964370.00 |
| 171000000 | Interest Earned | RP-9 | 731963.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7775887.00 |
| 350000000 | Other Liabilities | RP-36 | 246250.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 93130.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 923.00 |
| 311000000 | Earmarked Funds | RP-29 | 17350.00 |
| 340000000 | Deposits Received | RP-34 | 373429.00 |
| 350000000 | Other Liabilities | RP-36 | 404488.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 6327819.00 |
| 460000000 | Loans, Advances and Deposits | RP-47 | 8000.00 |
| | Grand total | | 100219795.48 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4117546.00 |
| 220000000 | Administrative Expenses | RP-12 | 1013245.00 |
| 230000000 | Operations & Maintenance | RP-13 | 1985950.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6092050.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 22007861.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 542005.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 382552.00 |

## അനുബന്ധം-2-2 ഇൻകം & എക്സ്പെഡിച്ചർ സ്റ്റേറ്റ്മെന്റ്

| Vengad Grama Panchayath-Income and expenditure statement for the period from 01-04-2018 to 31-03-2019 | | | |
|---|---|---|---|
| Code. No | Description of Items | Schedule No. | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7606493.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 775853.00 |
| 140000000 | Fee & User Charges | I-4(b) | 2080459.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 195483.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 139290004.00 |
| 170000000 | Income from Investments | I-7 | 956763.00 |
| 171000000 | Interest Earned | I-8 | 731963.00 |
| 180000000 | Other Income | I-9 | 290810.00 |
| | Total Income | | 151927828.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11573752.00 |
| 220000000 | Administrative Expenses | I-11(b) | 1095674.00 |
| 230000000 | Operations & Maintenance | I-12(b) | 2014930.00 |
| 240000000 | Interest & Finance Charges | I-13 | 8068.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6479140.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 38802996.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 583115.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 382552.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 67295420.00 |
| 255000000 | Maintenance Projects | I-14(e) | 6166901.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 6501121.00 |
| 272000000 | Depreciation | I-17(a) | 7800400.00 |
| | Total Expenditure | | 148704069.00 |
| | Gross Surplus/ Deficit of income over Expenditure | | 3223759.00 |
| 280000000 | Prior Period Item | I-18 | 63103.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3160656.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

Vengad Grama Panchayath-BALANCE SHEET as on 31st March, 2019

| Code. No. | Description of Items | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 26209721.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 23503.00 |
| 312000000 | Reserves | B-3 | 48692508.00 |
| | Total Reserve & Surplus | | 74925732.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7000450.48 |
| | Total Grants, Contributions for Specific Purposes | | 7000450.48 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 674564.51 |
| 350000000 | Other Liabilities | B-9 | 1290666.27 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1965230.78 |
| | TOTAL LIABILITIES | | 83891413.26 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 95638630.00 |
| 411000000 | Accumulated Depreciation | B-11 | -36479235.00 |
| 412000000 | Capital Work in Progress | B-11(a) | 1883968.00 |
| | | | |

| | | | |
|---|---|---|---|
| | Total Fixed Assets | | 61043363.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 12178070.00 |
| | Total Investments | | 12178070.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 826840.78 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| | | | |
| 450000000 | Cash and Bank Balance | B-17 | 9456602.48 |
| 460000000 | Loans, Advances and Deposits | B-18 | 386537.00 |
| | Total Current Assets, Loans and Advances | | 10669980.26 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 83891413.26 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.